


നം.എൽ.എഫ്.കെ.പി.5 /1460/11 തീയതി: 22.11.11

# കടുത്തുരുത്തി

# ബ്ലോക്ക് പഞ്ചായത്തിന്റെ വരവുചെലവ് ഓഡിറ്റ് റിപ്പോർട്ട്

# 2010 - 11

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215 (4)-ാം വകുപ്പ് , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ് , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

Local Fund Audit Department

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും : ശ്രീ. കെ.വി.അനിൽകുമാർ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2010-11 സാമ്പത്തിക വർഷത്തെ വരവുചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

പഞ്ചായത്ത് 1.4.10 മുതൽ 22.10.11 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് , അവയുടെ ഒടുക്ക് , വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് ചെയ്ത കണക്കുകളുടെ വിവരം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരു വിവരം |
|---|---|---|
| 24.10.11 മുതൽ 31.10.11 വരെ | 2010-11 (വാർഷികം) | ശ്രീ.മാത്യു ജേക്കബ്- ഓഡിറ്റ് ഓഫീസർ<br>ശ്രീമതി മായാ മാധവൻ നായർ,<br>ശ്രീമതി ഡി. സുലത -ഓഡിറ്റർമാർ |

Local Fund Audit Department

## നിർവഹണാധികാരികൾ

*പ്രസിഡന്റ്* : 1. ശ്രീമതി ആൻസി അഗസ്റ്റിൻ (1.4.10 മുതൽ 30.9.10 വരെ)
2. അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി (1.10.10 മുതൽ 7.11.10 വരെ)
3. ശ്രീ. സഖറിയാസ് കുതിരവേലി (8.11.10 മുതൽ 31.3.11 വരെ)

*സെക്രട്ടറി* : 1. ശ്രീ. ടി.എം.ദിനേശൻ, ജോയിന്റ് ബി.ഡി.ഒ. (1.4.10 മുതൽ 9.5.10 വരെ ബി.ഡി.ഒയുടെ ചാർജ് വഹിച്ചു)
2. ശ്രീ. എം.ടി.ആന്റണി, ബി.ഡി.ഒ & സെക്രട്ടറി (10.5.10 മുതൽ 17.2.11 വരെ)
3. ശ്രീ. പി.ജെ.തോമസ്, ജോയിന്റ് ബി.ഡി.ഒ (18.2.11 മുതൽ 21.2.11 വരെ)
4. ശ്രീ. സി.രാജു, ബി.ഡി.ഒ. & സെക്രട്ടറി (22.2.11 മുതൽ 31.3.11 വരെ)

## റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

***ഭാഗം 1:- പൊതു അവലോകനം***

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും

***ഭാഗം 2:- വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ***

രസീത് പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

***ഭാഗം 3:- ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ***

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ

***ഭാഗം 4:- ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും***

പഞ്ചായത്തിന്റെ വിവിധ ഇനങ്ങളിൽ ഉള്ളതും ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയതുമായ വാർഷിക കണക്കുകളെ സംബന്ധിച്ച വിവരങ്ങൾ, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

**അനുബന്ധപത്രിക-** ഓഡിറ്റ് സാക്ഷ്യപത്രം

# ഭാഗം 1 : പൊതുഅവലോകനം

കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2010-11 വർഷത്തെ ബജറ്റ് 25.3.10 ൽ കൂടിയ പഞ്ചായത്ത് യോഗം അംഗീകരിക്കുകയുണ്ടായി. ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന ആകെ വരവ് 163250000 രൂപയും ആകെ ചെലവ് 163170000 രൂപയും ആണ്.

ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം 2010-11 വർഷത്തെ ആകെ വരവ് 85568215 (മുന്നിരിപ്പ്) രൂപയും ആകെ ചെലവ് 61161896 രൂപയുമാണ്.

മേൽപ്പറഞ്ഞ വരവുചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയതിൽ 248681 രൂപ ഓഡിറ്റിൽ അംഗീകരിക്കാൻ സാധിക്കാത്ത വിധത്തിൽ ചെലവ് ചെയ്തതായി കാണുന്നു. കൂടാതെ വിവിധ കാരണങ്ങളാൽ 3735620 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. (വിശദവിവരത്തിനായി ഈ റിപ്പോർട്ടിന്റെ 2,3 ഭാഗങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.)

ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട മറ്റു പൊതുവായ വിവരങ്ങൾ താഴെക്കൊടുക്കുന്നു.

## 1.1 ബജറ്റ്

ബ്ലോക്ക് പഞ്ചായത്തിന്റെ 2010-11 ലെ ബജറ്റ് തയ്യാറാക്കുന്നതിൽ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ 214-ാം വകുപ്പ് പ്രകാരമുള്ള നിബന്ധനകളൊന്നും പാലിച്ചിട്ടില്ല. വികസനപദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദേശങ്ങൾ വിവിധ സ്റ്റാൻഡിങ് കമ്മിറ്റികൾ തയ്യാറാക്കി 2010 ജനുവരി 15-ാം തീയതിക്കു മുമ്പായി ധനകാര്യസ്റ്റാൻഡിങ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. ധനകാര്യസ്റ്റാൻഡിങ് കമ്മിറ്റി ഈ നിർദേശങ്ങൾ പരിഗണിച്ചുകൊണ്ട് പഞ്ചായത്തിന്റെ 2010-11 ലേക്കുള്ള കരട് ബജറ്റ് തയ്യാറാക്കേണ്ടതും 2010 മാർച്ച് ആദ്യവാരത്തിന് അപ്പുറമാകാതെ പ്രത്യേക ഭരണസമിതി യോഗത്തിൽ അംഗീകാരത്തിനായി വയ്ക്കേണ്ടതുമാണ്. 2010 മാർച്ച് 31 നകം പാസാക്കേണ്ടതുമാണ്. എന്നാൽ മേൽപറഞ്ഞ ഭൂരിഭാഗം നിബന്ധനകളും സമയപരിധികളും പാലിക്കാതെയാണ് 2010-11 ലെ ബജറ്റ് പാസാക്കിയത്. 25.3.10 ൽ ഭരണസമിതി പാസാക്കിയ ബജറ്റുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. ധനകാര്യവകുപ്പിന്റെ 12.6.03 ലെ ജി.ഒ.(പി) 319/03 പ്രകാരം നിഷ്കർഷിച്ച പ്രൊഫോമയിലല്ല ബജറ്റ് തയ്യാറാക്കിയത്.
2. മുൻവർഷത്തെ നീക്കിയിരിപ്പ് തൻവർഷത്തെ പ്രതീക്ഷിത മുന്നിരിപ്പായി ബജറ്റിൽ ഉൾക്കൊള്ളിച്ചില്ല.
3. എല്ലാ വികസനപദ്ധതികളുടെയും വരവുചെലവ് വിവരങ്ങൾ ഉൾക്കൊള്ളിച്ചല്ല വിശദമായ ബജറ്റ് തയ്യാറാക്കിയത് . പദ്ധതി രൂപീകരണവും പരിശോധനയും അംഗീകാരവും വൈകിയതിനാൽ ഡി.പി.സി. അംഗീകരിച്ച വാർഷികപദ്ധതി 2010-11

Local Fund Audit Department

ലെ ബജറ്റിന്റെ ഭാഗമാക്കണമെന്ന നിബന്ധന പാലിച്ചില്ല. (ജി.ഒ.(എം.എസ്.) 257/09/തസ്വഭവ/30.12.09 ഖണ്ഡിക 9 കാണുക.)

4. ധനകാര്യസ്റ്റാൻഡിങ് കമ്മിറ്റിയുടെ മിനിറ്റ്സ് ബുക്കിൽ 2010-11 ലെ ബജറ്റുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും രേഖപ്പെടുത്തിയില്ല.

## 1.2 ബ്ലോക്ക് പഞ്ചായത്തിന്റെ നിയമപരമായ ചുമതലകൾ നിറവേറ്റുന്നതുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ

ബ്ലോക്ക് പഞ്ചായത്ത് നിറവേറ്റേണ്ട ചുമതലകളുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെപ്പറയുന്നു.(കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 172(1) പ്രകാരം)

| **എ.** | **പൊതുവായ ചുമതലകൾ** | ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|
| 1 | ബ്ലോക്ക് തലത്തിൽ സർക്കാർ-സർക്കാരിതര സാങ്കേതിക വൈദഗ്ദ്ധ്യം ഉപയോഗപ്പെടുത്തുക. | വൈദഗ്ധ്യം വേണ്ടത്ര ഉപയോഗപ്പെടുത്തിയിട്ടില്ല |
| 2 | ഗ്രാമപഞ്ചായത്തുകൾക്ക് സാങ്കേതിക സഹായം നൽകുക | സാങ്കേതികസഹായം നൽകിയിട്ടില്ല |
| 3 | ആവർത്തനം ഒഴിവാക്കുന്നതിനായി, ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ കണക്കിലെടുത്ത ശേഷം പദ്ധതികൾ തയ്യാറാക്കുകയും ബാക്ക്‌വേർഡ്, ഫോർവേഡ്ലിങ്കേജ് നൽകുകയും ചെയ്യുക | ലിങ്കേജ് നൽകുന്നതിൽ മതിയായ ശ്രദ്ധ പതിപ്പിച്ചിട്ടില്ല. |
| **ബി.** | **മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ** | |
| **1.** | **കൃഷി** | |
| 1 | ഗ്രാമീണ തലത്തിൽ നടപ്പാക്കുന്ന പദ്ധതികൾക്കായി കൃഷിക്കാരെ പരിശീലിപ്പിക്കുക. | പരിശീലിപ്പിച്ചിട്ടില്ല |
| 2 | ഗ്രാമീണതലത്തിലുള്ള പദ്ധതികൾക്കാവശ്യമായ കാർഷിക നിർദേശങ്ങൾ ഏർപ്പെടുത്തുക. | ഏർപ്പെടുത്തിയിട്ടില്ല. |
| 3 | കാർഷിക പ്രദർശനങ്ങൾ നടത്തുക | നടത്തിയിട്ടില്ല. |
| 4 | ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ വരുന്ന നീർമറികൾ പരിപാലിക്കുക. | പരിപാലിച്ചിട്ടില്ല. |
| 5 | കാർഷിക വായ്പ സ്വരൂപിക്കുക | സ്വരൂപിക്കൽ നടപടിയൊന്നും എടുത്തിട്ടില്ല. |
| 6 | പട്ടുനൂൽകൃഷി പ്രോൽസാഹിപ്പിക്കുക | പ്രോത്സാഹനശ്രമങ്ങൾ ഉണ്ടായിട്ടില്ല. കാർഷികമേഖലയിൽ അലങ്കാരമത്സ്യകൃഷി മാത്രമാണ് നടപ്പാക്കിയത്. |
| **II** | **മൃഗസംരക്ഷണവും ക്ഷീരോൽപാദനവും** | |
| 1 | വെറ്ററിനറി പോളി ക്ലിനിക്കുകളും മേഖലാകൃത്രിമബീജസങ്കലന കേന്ദ്രങ്ങളും നടത്തുക. | ഈ ചുമതലകളൊന്നും നിറവേറ്റിയിട്ടില്ല. |
| 2 | മൃഗസംരക്ഷണത്തിൽ വിദഗ്ദ്ധ സേവനം നൽകുക | |
| 3 | കന്നുകാലി-കോഴി പ്രദർശനങ്ങൾ നടത്തുക. | |

Local Fund Audit Department

| | | |
|---|---|---|
| **III** | **ചെറുകിട ജലസേചനം** | |
| | ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾക്കായുള്ള എല്ലാ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും ചെറുകിട ജലസേചന പദ്ധതികളും നടപ്പാക്കുകയും പരിപാലിക്കുകയും ചെയ്യുക. | പദ്ധതികൾ നടപ്പാക്കാനോ പരിപാലിക്കാനോ നടപടിയെടുത്തിട്ടില്ല. |
| **IV** | **മൽസ്യബന്ധനം** | |
| | പരമ്പരാഗത കടവുകളുടെ വികസനം | വികസനത്തിനായി പ്രവർത്തിച്ചിട്ടില്ല. |
| **V** | **ചെറുകിട വ്യവസായങ്ങൾ** | |
| 1 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക | സ്ഥാപിച്ചിട്ടില്ല. |
| 2 | എസ്.എസ്.ഐ.യുടെ മൂന്നിലൊന്ന് നിക്ഷേപപരിധിയോടുകൂടിയുള്ള വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുക. | പ്രോത്സാഹിപ്പിച്ചിട്ടില്ല. |
| 3 | വ്യവസായ മേഖലയിൽ സ്വയംതൊഴിൽ പദ്ധതികൾ ആവിഷ്ക്കരിക്കുക. | ആവിഷ്കരിച്ചിട്ടില്ല. |
| **VI** | **ഭവന നിർമ്മാണം** | |
| 1 | ചെലവ് കുറഞ്ഞ ഭവന നിർമ്മാണം പ്രചരിപ്പിക്കുക. | പ്രചരിപ്പിച്ചിട്ടില്ല. |
| 2 | ഭവനനിർമ്മാണം സഹകരണസംഘങ്ങൾ പ്രോൽസാഹിപ്പിക്കുക | പ്രോത്സാഹിപ്പിച്ചിട്ടില്ല. |
| **VII** | **വിദ്യുച്ഛക്തിയും ഊർജവും** | |
| | പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ വികസിപ്പിക്കുക. | വികസിപ്പിച്ചിട്ടില്ല. |
| **VIII** | **വിദ്യാഭ്യാസം** | |
| | സർക്കാർ വ്യവസായ പരിശീലന സ്ഥാപനങ്ങളുടെ നടത്തിപ്പ്. | സ്ഥാപനങ്ങളുടെ നടത്തിപ്പിന് ശ്രമമൊന്നും നടത്തിയിട്ടില്ല. |
| **IX** | **പൊതുമരാമത്ത്** | |
| 1 | ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളും പരിപാലിക്കുക. | റോഡുകളുടെ പരിപാലനത്തിൽ നിയമലംഘനം നടത്തിയിട്ടുണ്ട്. ഖണ്ഡിക ...... കാണുക. |
| 2 | സർക്കാരിൽ നിന്നും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുക. | കൈമാറിയ സ്ഥാപനങ്ങൾക്കായി കെട്ടിടങ്ങൾ നിർമിച്ചിട്ടില്ല. |
| **X** | **പൊതുജനാരോഗ്യവും ശുചീകരണവും** | |
| | ബ്ലോക്ക് പഞ്ചായത്തിനുള്ളിൽ എല്ലാതരം ചികിൽസാ സമ്പ്രദായങ്ങളിലുമുള്ള സാമൂഹ്യാരോഗ്യകേന്ദ്രങ്ങളും താലൂക്ക് ആശുപത്രികളും നടത്തുക. | |

Local Fund Audit Department

| | | |
|---|---|---|
| **XI** | **സാമൂഹ്യക്ഷേമം** | |
| | ഐ.സി.ഡി.എസ്-കൾ നടത്തുക | ന്യൂനതകളുണ്ടെങ്കിലും പോഷകാഹാരപരിപാടികൾ നടപ്പാക്കിയിട്ടുണ്ട്. |
| **XII** | **ദാരിദ്ര്യ നിർമ്മാർജ്ജനം** | |
| 1 | ഗ്രാമപഞ്ചായത്തുകളുമായി സഹകരിച്ച് തൊഴിൽസുരക്ഷാ പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്യുക. | തൊഴിൽദാനപദ്ധതികളും തൊഴിൽ സുരക്ഷാപദ്ധതികളും നടപ്പാക്കാൻ ചില ശ്രമങ്ങൾ നടന്നെങ്കിലും വിജയിച്ചില്ല. (ഖണ്ഡിക 3.6 കാണുക.) |
| 2 | പാവപ്പെട്ടവർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനുള്ള അഭിരുചി വർദ്ധിപ്പിക്കുകയും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ആളുകൾക്ക് വേതനത്തോടുകൂടിയ തൊഴിൽ നൽകുകയും ചെയ്യുക. | |
| **XIII** | **പട്ടികജാതി പട്ടികവർഗ്ഗ വികസനം** | |
| 1 | പ്രീ-മെട്രിക്ക് ഹോസ്റ്റലുകൾ നടത്തുക. | പഞ്ചായത്ത് പരിധിയിൽ ഹോസ്റ്റൽ ഇല്ല. |
| 2 | പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയുള്ള സഹകരണ സംഘങ്ങൾ വളർത്തുക. | സംഘങ്ങൾ വളർത്താൻ നടപടിയെടുത്തിട്ടില്ല. |
| **XIV** | **സഹകരണം** | |
| 1 | ബ്ലോക്ക്പഞ്ചായത്ത് അതിർത്തിക്കുള്ളിൽ സഹകരണ സംഘങ്ങൾ സംഘടിപ്പിക്കുക. | സംഘടിപ്പിക്കാനോ ശക്തിപ്പെടുത്താനോ ശ്രമിച്ചിട്ടില്ല. |
| 2 | സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക | |

## 1.3 കൈമാറിയ സ്ഥാപനങ്ങളുടെ പ്രവർത്തനം

എ) ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ സ്ഥാപനങ്ങളും തസ്തികകളും (ജി.ഒ.(പി) 189/95/തഭവ/18.9.95 പ്രകാരം) താഴെപ്പറയുന്നു.

*1. കൃഷിവകുപ്പ്*

ഒരു അസിസ്റ്റന്റ് ഡയറക്ടർ തസ്തികയും അനുബന്ധ തസ്തികകളും

*2. വ്യവസായവകുപ്പ്*

ഒരു ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ തസ്തിക

*3. ഗ്രാമവികസനവകുപ്പ്*

ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ തസ്തികയും അനുബന്ധതസ്തികകളും

*4. സാമൂഹ്യക്ഷേമവകുപ്പ്*

അതതു സ്ഥലത്തെ കെയർഹോമുകളും ഓൾഡ് ഏജ് ഹോമുകളും അതുപോലെയുള്ള മറ്റു സ്ഥാപനങ്ങളും

*5. പട്ടികജാതിവികസനവകുപ്പ്*

എ) അതതു സ്ഥലത്തെ പ്രീമെട്രിക് ഹോസ്റ്റലുകൾ

ബി) ബ്ലോക്ക് എക്സ്റ്റെൻഷൻ ഓഫീസർ തസ്തിക (എല്ലാ ഗ്രാമപഞ്ചായത്തുകളിലും സേവനം ലഭ്യമാക്കണം.)

Local Fund Audit Department

*6. പട്ടികവർഗവികസനവകുപ്പ്*

ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ (എല്ലാ ഗ്രാമപഞ്ചായത്തുകളിലും സേവനം ലഭ്യമാക്കണം.)

*7. ആരോഗ്യവകുപ്പ്*

അതതു സ്ഥലത്തെ ബ്ലോക്ക് ലെവൽ പ്രൈമറി ഹെൽത്ത് സെന്റർ / കമ്യൂണിറ്റി ഹെൽത്ത് സെന്റർ, താലൂക്ക് ആശുപത്രി / ഗവ. ആശുപത്രി

*8. ആയുർവേദ ആശുപത്രി*

അതതു സ്ഥലത്തെ താലൂക്ക് ആശുപത്രി

*9. ഹോമിയോ വകുപ്പ്*

അതതു സ്ഥലത്തെ താലൂക്ക് ആശുപത്രി

ബി) കൈമാറിയ സ്ഥാപനങ്ങൾ സന്ദർശിക്കാനോ ഭൗതികസാഹചര്യങ്ങൾ വിലയിരുത്താനോ ജനപ്രതിനിധികൾ താത്പര്യമെടുക്കുന്നില്ല. അവയിലെ ജീവനക്കാർ പദ്ധതിപ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ താത്പര്യമെടുക്കുന്നതായോ പഞ്ചായത്ത് അവരെ പങ്കാളികളാക്കാൻ മുൻകൈയെടുക്കുന്നതായോ കാണുന്നില്ല.

സി) കൈമാറിയ സ്ഥാപനങ്ങളുടെ മേധാവികളുടെ ആകസ്മികാവധി അനുവദിക്കേണ്ട ചുമതല പ്രസിഡന്റ് വിനിയോഗിക്കുന്നില്ല. കൈമാറിയ സ്ഥാപനങ്ങളിലെ മേധാവികൾ അല്ലാത്തവരുടെ ആകസ്മികാവധി ഒഴികെയുള്ള അവധികൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥർ അനുവദിക്കേണ്ടത് പ്രസിഡന്റിന്റെ ശുപാർശയോടെ ആയിരിക്കണമെന്ന ചട്ടവും പാലിക്കുന്നില്ല. (1997 ലെ കേരള പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥനിയന്ത്രണം) ചട്ടങ്ങളിലെ ചട്ടം 13 കാണുക.)

ഡി) കൈമാറിയ സ്ഥാപനങ്ങളിൽനിന്നും ആസ്തികളിൽനിന്നും ലഭിച്ച വരവിനെയും അതിന്റെ ചെലവിനെയും സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

## 1.4 ആസ്തിരജിസ്റ്റർ ശരിയായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് ആർജിച്ചതും കൈമാറി കിട്ടിയതുമായ ആസ്തികളെ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്റർ പൂർണമായ വിവരങ്ങൾ ഉൾപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

ആസ്തിരജിസ്റ്ററുകളുടെ താഴെപ്പറയുന്ന നാല് വാല്യങ്ങൾ പൂർണമായ വിവരങ്ങൾ ഉൾപ്പെടുത്തി ഡിജിറ്റൽ രജിസ്റ്ററുകളാക്കി പരിശോധനകയ്ക്ക് ഹാജരാക്കേണ്ടതാണ്. (തദ്ദേശസ്വയംഭരണവകുപ്പിന്റെ 13.1.10 ലെ സർക്കുലർ നമ്പർ 58608/ഡി.ബി.2/09 കാണുക.

1. ഭൂമി, കെട്ടിടങ്ങൾ, ചവർ സംസ്കരണം മുതലായവയുടെ വിവരങ്ങൾ
2. റോഡുകൾ, ലെയിനുകൾ, കലുങ്കുകൾ, പാലങ്ങൾ, മറ്റ് നിർമിതികൾ മുതലായവയുടെ വിവരങ്ങൾ
3. കുടിവെള്ളം, ജലസേചനം, വൈദ്യുതിവിതരണം മുതലായവയുടെ വിവരങ്ങൾ
4. ജംഗമവസ്തുക്കളുടെ വിവരങ്ങൾ

## 1.5 അക്കൗണ്ടിങ് സമ്പ്രദായം

ബ്ലോക്ക് പഞ്ചായത്തിൽ നടപ്പാക്കേണ്ട അക്കൗണ്ടിങ് സംപ്രദായത്തിൽ വന്ന അപാകതകൾ താഴെപ്പറയുന്നു.

1. കാഷ്ബുക്ക് 15.7.10 മാത്രമേ എഴുതിയിട്ടുള്ളു. സെക്രട്ടറി 11.6.10 വരെ മാത്രമേ ഒപ്പിട്ടിട്ടുള്ളു.

Local Fund Audit Department

2. ഓരോ ട്രഷറി/ ബാങ്ക് അക്കൗണ്ടിനും പ്രത്യേകം ചെക്ക് ഇഷ്യു രജിസ്റ്റർ സൂക്ഷിക്കുന്നില്ല. (ഖണ്ഡിക 3.3 കാണുക.) വി.പി.എഫ്.എ1 നു മാത്രമേ ചെക്ക് ഇഷ്യു രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളു.
3. ബിൽ രജിസ്റ്റർ (ഖണ്ഡിക 3.24), വരവുരജിസ്റ്റർ (ഖണ്ഡിക 3.29), ചെലവ് രജിസ്റ്റർ (ഖണ്ഡിക 3.30), ട്രഷറി/പോസ്റ്റോഫീസ്/ ഇൻവെസ്റ്റ് ബാലൻസ് രജിസ്റ്റർ (ഖണ്ഡിക 3.28) എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.
4. ഓരോ മാസത്തേയും പ്രതിമാസ അക്കൗണ്ട് തയ്യാറാക്കി അടുത്തമാസം പത്തിനകം ഭരണസമിതി അംഗീകരിച്ച് മാസാവസാനത്തിനുമുമ്പ് ഓഡിറ്റ് ഓഫീസിലേക്ക് അയച്ചുതരണമെന്ന നിബന്ധന പാലിച്ചിട്ടില്ല. (ഖണ്ഡിക 5.1 കാണുക.)

# ഭാഗം 2 : വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

Local Fund Audit Department

### 2.1 വികസനഫണ്ടിലും മെയിന്റനൻസ് ഗ്രാന്റിലും നഷ്ടം

2010-11 സാമ്പത്തികവർഷം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ തിരഞ്ഞെടുപ്പ് നടന്നതിനാൽ തദ്ദേശസ്വയംഭരണവകുപ്പിന്റെ 1.3.11 ലെ ജി.ഒ.(എം.എസ്.) 663/11 പ്രകാരം വികസനഫണ്ടിൽനിന്നും മെയിന്റനൻസ് ഗ്രാന്റിൽനിന്നും തുടർവർഷങ്ങളിൽ ഷോർട്ട്ഫോൾ ഉണ്ടാകാതിരിക്കാൻ നടത്തേണ്ട കുറഞ്ഞ ചെലവിന്റെ പരിധി 80 ശതമാനത്തിൽനിന്ന് 70 ശതമാനമായി കുറച്ചിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിൽ തൻവർഷം വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ നിന്നുള്ള ചെലവ് യഥാക്രമം 57.4 ശതമാനവും 53.73 ശതമാനവുമാണ്. ആയതിനാൽ 2012-13 വർഷം ഈയിനങ്ങളിൽ ഷോർട്ട്ഫോൾ ഉണ്ടാകുന്നതാണ്. വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ നിശ്ചിതശതമാനം ചെലവെങ്കിലും ഉറപ്പാക്കുന്നതിലും ഷോർട്ട്ഫോളാകുന്ന സാഹചര്യം ഒഴിവാക്കുന്നതിലും പഞ്ചായത്ത് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**വികസനഫണ്ട്**

| | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജനറൽ | 5471650 | 9845000 | 8531342 | 6785308 |
| എസ്.സി.പി. | 149154 | 7035000 | 4427443 | 2756711 |
| ടി.എസ്.പി. | 43446 | 134000 | 67000 | 110446 |
| ആകെ | 5664250 | 17014000 | 13025785 | 9652465 |

**മെയിന്റനൻസ് ഗ്രാന്റ്**

| | |
|---|---|
| മുന്നിരിപ്പ് | 650502 |
| വരവ് | 1771000 |
| ആകെ | 2421502 |
| ചെലവ് | 1301253 |
| നീക്കിയിരിപ്പ് | 1120249 |

## 2.2എ) രസീത് പ്രകാരമുള്ള വരവ് പ്രത്യേക രജിസ്റ്ററിൽ എഴുതുന്നില്ല

പഞ്ചായത്തിന് രസീത് പ്രകാരം ലഭിക്കുന്ന വരവുകളുടെ വിശദാംശങ്ങൾ പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല. ചെക്ക്/ ഡി.ഡി. എന്നിവ പ്രകാരമുള്ള വരവുതുകകൾ ശരിയായി അക്കൗണ്ട് ചെയ്തിട്ടില്ല. വരവുരജിസ്റ്റർ, കാഷ്ബുക്ക് എന്നിവ എഴുതി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ വരവുതുക സംബന്ധിച്ച കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.രസീത്ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. സാമ്പത്തികവർഷാവസാനം നിലവിൽ ഉപയോഗിക്കുന്ന രസീത് ബുക്കുകളിലെ ഉപയോഗിക്കാത്ത രസീതുകൾ കാണുന്നു.

## 2.2ബി) ഒരേ വരവുതുകകൾക്ക് രണ്ടുതവണ രസീത് എഴുതി

അനുപൂരകപോഷകാഹാരപരിപാടിക്കുള്ള കേന്ദ്രവിഹിതം 428520 രൂപയ്ക്ക (ചെക്ക് പ്രകാരം വന്നത്) രസീത് നമ്പർ 98/25.1.11 പ്രകാരവും 86/15.12.10 പ്രകാരവും രണ്ടു പ്രാവശ്യം രസീത് എഴുതിയിരിക്കുന്നു. കൊയ്ത്ത് മെതിയന്ത്രം വാടകയായ 144739 രൂപയ്ക്ക് 89/18.1.11, 97/18.1.11 എന്നീ രണ്ടു രസീതുകൾ എഴുതിയിരിക്കുന്നു. മേൽപ്പറഞ്ഞ തുകകൾ ഓരോ പ്രാവശ്യം മാത്രമേ വരവു വന്നിട്ടുള്ളൂ. ആയതിന്റെ കാരണം രേഖാമൂലം ആരാഞ്ഞെങ്കിലും മറുപടി ലഭിച്ചില്ല. രസീതുകൾ ഉപയോഗിക്കുന്നതിലെ ഈ അനാസ്ഥ ഗുരുതരമായ കൃത്യവിലോപത്തിന് വഴിവയ്ക്കുമെന്നതിനാൽ കർശനമായ സൂക്ഷ്മപരിശോധനയിലൂടെ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 2.2സി) പുതിയ അക്കൗണ്ടിങ് ചട്ടങ്ങൾ : നടപടിക്രമങ്ങൾ പാലിക്കുന്നില്ല

1.4.11 മുതൽ പുതിയ അക്കൗണ്ടിങ് ചട്ടങ്ങൾ നടപ്പാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് ഇറങ്ങിയെങ്കിലും ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല. രസീത് പോലും1965 ലെ അക്കൗണ്ടിങ് ചട്ടപ്രകാരമുള്ളതാണ് ഇപ്പോഴും ഉപയോഗിക്കുന്നത്.

# ഭാഗം 3 : ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

Local Fund Audit Department

## 3.1 പദ്ധതി രൂപീകരണവും നിർവഹണവും

**<u>പദ്ധതി രൂപീകരണഘട്ടങ്ങൾ</u>**

(സൂചന ജി.ഒ (എം.എസ്)128/07/തസ്വഭവ/14.5.07)

| സർക്കാർ ഉത്തരവിലെ ഖണ്ഡികനം | ഘട്ടം | പ്രവർത്തനം | നടന്ന തീയതി |
|---|---|---|---|
| 4.5 | 1 | വർക്കിംഗ് ഗ്രൂപ്പുകളുടെ പുന:സംഘാടനവും വികസനാവസ്ഥയുടെ അപഗ്രഥനവും | നടത്തിയിട്ടില്ല |
| 4.6 | 2 | സ്റ്റേക്ക് ഹോൾഡർമാരുമായി കൂടിയാലോചനകൾ | നടത്തിയിട്ടില്ല |
| 4.7 | 3 | ഗ്രാമസഭായോഗങ്ങൾ (രേഖകൾ സൂക്ഷിച്ചോ?) | ഇല്ല |

| | | | |
|---|---|---|---|
| 4.8 | 4 | നീർത്തടാസൂത്രണ നടപടിക്രമങ്ങൾ (ജി.ഒ (എം.എസ്)295/06/തസ്വഭവ/28.12.06 പ്രകാരം) | |
| 4.9 | 5 | വികസനറിപ്പോർട്ടും ദർശന രേഖയും തയ്യാറാക്കൽ (ഗ്രൂപ്പിന് 'കില'യിൽ പരിശീലനം ലഭിച്ചോ? ) | ഇല്ല |
| 4.10 | 6 | കരട് പദ്ധതി രേഖ തയ്യാറാക്കൽ (12 അധ്യായങ്ങൾ) | രേഖകൾ സൂക്ഷിച്ചിട്ടില്ല. |
| 4.11 | 7 | വികസനസെമിനാർ (ഓരോ ഗ്രാമസഭയിൽ നിന്നും ഒരു വനിതയെയും ഒരു പുരുഷനെയും പ്രതിനിധിയാക്കിയോ?) (രേഖകൾ സൂക്ഷിച്ചോ?) | ഇല്ല |
| 4.12 | 8 | പദ്ധതി നവീകരിക്കൽ (മെമ്പർമാരും വർക്കിംഗ് ഗ്രൂപ്പും തമ്മിൽ ചർച്ച) | |
| 4.13 | 9 | പ്രോജക്റ്റ് തയ്യാറാക്കൽ (നിർദ്ദിഷ്ട ഫോറങ്ങൾ/മേന്മ ഉറപ്പാക്കൽ) | |
| 4.14 | 10 | പദ്ധതി പൂർത്തിയാക്കൽ (ഡി.പി.സിക്ക് നൽകേണ്ട രേഖകൾ-12 എണ്ണം) | |
| 4.15 | 11 | പദ്ധതി പരിശോധന (റ്റി.എ.ജി) (മാർഗ്ഗരേഖ പ്രകാരമാരമാകണമെന്നുറപ്പുവരുത്തൽ, തെറ്റായ ശുപാർശയിന്മേൽ കളക്ടറുടെ നടപടി) | നടപടി സ്വീകരിച്ചില്ല. |
| 4.16 | 12 | പദ്ധതി അംഗീകാരം (ഡി.പി.സി)(തർക്കങ്ങൾ സംസ്ഥാനതലത്തിലേക്ക്) | |
| 4.17 | 13 | അംഗീകാരാനന്തരനടപടികൾ(സംഗ്രഹ റിപ്പോർട്ടിന്റെ സി.ഡി ഡി.പി.സിക്ക്- തുടർന്ന് ഡി.പി. സി യുടെ പ്രൊസീഡിംഗ്സ്) | |
| 4.18 | | പൊതു ഏകോപനം (സ്പെഷ്യൽ പ്ലാൻ കമ്മിറ്റി-പ്രസിഡന്റ് (ചെയർമാൻ) സ്റ്റീയറിംഗ് കമ്മറ്റി അംഗങ്ങളും വർക്കിംഗ് ഗ്രൂപ്പുകളിലെ നാലോ അഞ്ചോ പ്രധാന അംഗങ്ങളും(അംഗങ്ങൾ) | രൂപീകരിച്ചില്ല. |

Local Fund Audit Department

## 3.2 അലങ്കാരമത്സ്യകൃഷി : പ്രോജക്ട് രൂപീകരണം മുതൽ നിർവഹണം വരെയുള്ള ഘട്ടങ്ങളിൽ അപാകതകൾ

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രോജക്ടാണ് അലങ്കാരമത്സ്യകൃഷി. പദ്ധതിവിഹിതം 250000 രൂപയും ഗുണഭോക്തൃവിഹിതം 250000 രൂപയും ഉൾപ്പെടെ ആകെ അഞ്ചുലക്ഷം രൂപയായിരുന്നു പ്രോജക്ടിന്റെ അടങ്കൽ. സ്വയംസഹായസംഘങ്ങളായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബശ്രീ യൂണിറ്റുകളിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട അഞ്ചുപേർ അടങ്ങുന്ന 21 ഗ്രൂപ്പുകളാണ് പ്രോജക്ട് പ്രകാരം പദ്ധതിയുടെ ഗുണഭോക്താക്കൾ. പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

## എ. എസ്റ്റിമേറ്റ് തുക തെറ്റിച്ച് അധികത്തുക പിൻവലിക്കൽ

| | | |
|---|---|---|
| എ | എസ്റ്റിമേറ്റ് അനുസരിച്ച് ഒരു റിങ്ങിന് 1800 രൂപ നിരക്കിൽ 105 റിങ്ങിന് ചെലവാകുന്ന തുക | 189000 |
| ബി | ഒരു ഗ്രൂപ്പിലെ അംഗങ്ങൾക്ക് (5 പേർക്ക്) നൽകാൻ വേണ്ട മത്സ്യക്കുഞ്ഞുങ്ങൾ | 180 |
| | 180 മത്സ്യക്കുഞ്ഞുങ്ങൾക്ക് ചെലവാകുന്ന തുക | 342 |
| | 21 ഗ്രൂപ്പുകൾക്ക് ചെലവാകുന്ന തുക | 21 X 342=7182 |
| സി | മത്സ്യത്തീറ്റ വാങ്ങി നൽകുന്ന ഇനത്തിൽ ഒരു ഗ്രൂപ്പിന് ചെലവാകുന്ന തുക | 57 |
| | 21 ഗ്രൂപ്പിന് ചെലവാകുന്ന തുക | 21 X 57 = 1197 |
| ഡി | 21 ഗ്രൂപ്പുകൾക്ക് പരിശീലനം നൽകിയ വകയിൽ ചെലവായ തുക (2 ദിവസം) | 19000 |
| | ആകെ | 216379 രൂപ |

എന്നാൽ എസ്റ്റിമേറ്റ് തുക തെറ്റായി നിർണയിക്കുകയും 31.3.11 ലെ ബിൽ നമ്പർ 41/2010-11 പ്രകാരം ട്രഷറിയിൽ നിന്ന് 249895 രൂപ പിൻവലിക്കുകയും ചെയ്തു. എസ്റ്റിമേറ്റ് തുക കണക്കാക്കിയതിൽ വന്ന പിശക് മൂലം സംഭവിച്ച 33516 രൂപയുടെ അധികച്ചെലവ് എസ്റ്റിമേറ്റ് അംഗീകരിച്ച അസിസ്റ്റന്റ് ഡയറക്ടർ ഓഫ് ഫിഷറീസ് വൈക്കം, വിശദമായ പരിശോധന നടത്താതെ തുക അനുവദിച്ച നിർവഹണോദ്യോഗസ്ഥൻ എന്നിവരിൽനിന്ന് ഈടാക്കേണ്ടതാണ്.

## ബി. ഗുണഭോക്താക്കളുടെ അർഹത ഉറപ്പിക്കുന്നതിന് മുമ്പ് പണം പിൻവലിക്കൽ

കുടുംബശ്രീ യൂണിറ്റുകൾ അപേക്ഷ സമർപ്പിക്കാതെയും യൂണിറ്റുകൾ രജിസ്റ്റർ ചെയ്തവയാണെന്ന് ഉറപ്പുവരുത്താതെയും മുൻകൂറായി പണം പിൻവലിച്ചത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്. (ജി.ഒ.(പി) 177/06/ഫിൻ/12.4.06 ഖണ്ഡിക 6 കാണുക.) 31.3.2011 ൽ പിൻവലിച്ച തുക വിതരണം ചെയ്യുന്നതുവരെ സിൻഡിക്കേറ്റ് ബാങ്കിലെ അക്കൗണ്ടിൽ (നമ്പർ 25781) നിക്ഷേപിച്ചിരുന്നുവെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള (നമ്പർ 7/2010-11) മറുപടിയിൽ വ്യക്തമാക്കിയിരുന്നെങ്കിലും ഈ അക്കൗണ്ടിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

## സി. ജാതി സർട്ടിഫിക്കറ്റ് ലഭ്യമല്ല

ഗുണഭോക്താക്കൾ പട്ടികജാതിക്കാരാണെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

## ഡി. ഗുണഭോക്തൃവിഹിതത്തിനു പകരം വികസനഫണ്ട് ചെലവഴിച്ചത് സർക്കാർ ഉത്തരവിന്റെ ലംഘനം

അടങ്കൽ തുകയുടെ 50% പദ്ധതി വിഹിതവും 50 % ഗുണഭോക്തൃവിഹിതവുമാണ് വകയിരുത്തിയിരുന്നതെങ്കിലും വികസനഫണ്ട് മാത്രം ചെലവഴിക്കുകയാണുണ്ടായത് ഗുണഭോക്തൃവിഹിതം ആനുപാതികമായി ചെലവാക്കാത്തതിനാൽ വികസനഫണ്ടിൽ നിന്ന് 125000 രൂപയുടെ അധികച്ചെലവ് നിരാകരിക്കുന്നു. ഗുണഭോക്തൃവിഹിതത്തിന്റെ കുറവ് നികത്താൻ വികസനഫണ്ടിന്റെ തുകയിൽ വർധന വരുത്താൻ പാടില്ലെന്ന് തദ്ദേശസ്വയംഭരണവകുപ്പിന്റെ

Local Fund Audit Department

24.7.07 ലെ ജി.ഒ.(എം.എസ്.) 183/07 ഖണ്ഡിക 6.17(4) പ്രകാരവും 11.12.08 ലെ ജി.ഒ.(എം.എസ്.) 328/08 ഖണ്ഡിക 6 പ്രകാരവും നിർദേശിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറിയിലൂടെ (നമ്പർ 9/10-11/31.10.11) ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമായില്ല. ആയതിനാൽ പ്രോജക്ടിനുവേണ്ടി ചെലവഴിച്ച 249895 രൂപയിൽ നിരാകരിച്ച 158516 രൂപ കുറച്ചുള്ള 91379 രൂപയുടെ ചെലവ് മേൽപ്പറഞ്ഞ കാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു.

### ഇ. വികസനഫണ്ട് ബാങ്കിലിട്ടത് ധനദുരുപയോഗം

സർക്കാർ പഞ്ചായത്തുകൾക്ക് നൽകുന്ന ഫണ്ടുകൾ ട്രഷറിയിൽ അല്ലാത്ത അക്കൗണ്ടിൽ നിക്ഷേപിക്കുന്ന നിർവഹണോദ്യോഗസ്ഥൻ 18% പലിശ നൽകാൻ വ്യക്തിപരമായി ബാധ്യസ്ഥരാണെന്ന (ജി.ഒ.(പി) 612/95/ഫിൻ/4.10.95) ലെയും സർക്കുലർ നമ്പർ 27188/സി.1/96/തഭവ/3.1.97 ലെയും) നിബന്ധനപ്രകാരം സിൻഡിക്കേറ്റ് ബാങ്കിൽ തുക നിക്ഷേപിച്ച കാലയളവിലേക്ക് 18% പലിശ നിർവഹണോദ്യോഗസ്ഥനിൽനിന്ന് ഈടാക്കേണ്ടതാണ്.

## 3.3 ആനക്കുഴിനിരപ്പ് കോളനി കുഴൽക്കിണർ നിർമാണം : സാങ്കേതികാനുമതി ലഭ്യമാകാതെ ചെലവ്

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ആനക്കുഴിനിരപ്പ് കോളനി കുഴൽക്കിണർ നിർമാണം |
| പ്രോജക്ട് നമ്പർ | എസ് 055/2011 |
| നിർവഹണോദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| തരം | പുതിയത് , ഏകവർഷം |
| മേഖല | സേവനം |
| വിഭാഗം | ജനറൽ |

### ധനകാര്യവിശകലനം

| ഫണ്ട് | വികസന ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് | തനത് | കേന്ദ്രാവിഷ്കൃതം | ഗുണഭോക്തൃവിഹിതം | മറ്റ് ഫണ്ടുകൾ |
|---|---|---|---|---|---|---|
| വകയിരുത്തൽ | 250000 | - | - | - | 25000 | - |
| ചെലവ് | 250000 | | | | | |

| | |
|---|---|
| ആകെ അടങ്കൽ | 275000 |
| ചെലവ് | 250000 |
| ബിൽ നമ്പർ | 32/2010-11/26.3.11 |
| ഡി.ഡി. നമ്പർ | 43085/4.4.11 |
| തുക | 250000 |

മുളക്കുളം ഗ്രാമപഞ്ചായത്തിൽ 14-ാം വാർഡിലെ ആനക്കുഴി നിരപ്പ് കോളനിയിൽ കുഴൽക്കിണർ നിർമിക്കുന്നതിനായി വികസനഫണ്ടിൽനിന്ന് 250000 രൂപ വകയിരുത്തി

Local Fund Audit Department

പ്രോജക്ട് തയ്യാറാക്കിയിരുന്നു. പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതിയുടെയും വിഷയമേഖലാഉപസമിതിയുടെയും അംഗീകാരം ലഭിച്ചെങ്കിലും ജില്ലാതല ടെക്നിക്കൽ കമ്മിറ്റിയുടെ സാങ്കേതികാനുമതി ലഭിച്ചില്ല. ഭൂജലവകുപ്പ് ജില്ലാ ഓഫീസറുടെ 9.2.11 ലെ ജി.ഡബ്ല്യു.ഡി./എ/29/2011 നമ്പർ കത്ത് പ്രകാരം പ്രവൃത്തി നിർവഹണത്തിനായി സാങ്കേതിക ഉപദേശകസമിതിയുടെ അംഗീകാരത്തിന്റെ പകർപ്പ് ഹാജരാക്കണമെന്ന് നിർദേശിച്ചിരുന്നതാണ്. എന്നാൽ സാങ്കേതികാനുമതി ലഭ്യമാകാതെ ബിൽ നമ്പർ 32/2010-11/26.3.11 പ്രകാരം എസ്റ്റിമേറ്റ് അനുസരിച്ചുള്ള 250000 രൂപ പിൻവലിക്കുകയും 4.4.11 ലെ 43085-ാം നമ്പർ ഡി.ഡി. പ്രകാരം ഭൂജലവകുപ്പിന് കൈമാറുകയും ചെയ്തു.

സാങ്കേതികാനുമതി ലഭ്യമാകാതെ ട്രഷറിയിൽനിന്ന് പണം മുൻകൂറായി പിൻവലിച്ച് കൈമാറിയ നടപടി സർക്കാർ ഉത്തരവിന്റെ ലംഘനമാണ്. (ജി.ഒ.(പി) 177/06/ഫിൻ/12.4.06 ഖണ്ഡിക 6.1 കാണുക.) അപാകതയിന്മേൽ വിശദീകരണം ആരാഞ്ഞുകൊണ്ട് 28.10.11 ൽ 5/2010-11 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറി സെക്രട്ടറി കൈപ്പറ്റിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ടിന് സാങ്കേതികാനുമതി ലഭ്യമാക്കാനോ ലഭ്യമല്ലെങ്കിൽ നിർവഹണഏജൻസിക്ക് കൈമാറിയ തുകയും നിർവഹണോദ്യോഗസ്ഥനിൽനിന്ന് പിഴപ്പലിശയും (18%) ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടയ്ക്കാനോ ശ്രമിക്കേണ്ടതാണ്. (ജി.ഒ.(പി) 177/06/ഫിൻ/12.4.06 ഖണ്ഡിക 10.3 കാണുക.) നിയമാനുസൃതമല്ലാത്തതിനാൽ 250000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3.4 പ്രോജക്ട് പൂർത്തീകരിക്കാതെ ട്രഷറിയിൽനിന്ന് അടങ്കൽതുക പൂർണമായി പിൻവലിക്കൽ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തലയോലപ്പറമ്പ്, അറുനൂറ്റിമംഗലം വനിതാകാന്റീനുകൾക്ക് വേസ്റ്റ് കുഴി |
| പ്രോജക്ട് നമ്പർ | എസ് 096/11 |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 30000 (വികസനഫണ്ട്) |
| കൺവീനർ | ശ്രീ. രാജു ചെറിയാൻ, കീഴൂർ |
| തരം | പുതിയത് ഏകവർഷം |
| മേഖല | പശ്ചാത്തലം, വനിത |
| വിഭാഗം | ജനറൽ |

**ധനകാര്യവിശകലനം**

| ഫണ്ട് | വികസനഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് | തനത് | കേന്ദ്രാവിഷ്കൃതം | ഗുണഭോക്തൃവിഹിതം | മറ്റ് ഫണ്ടുകൾ |
|---|---|---|---|---|---|---|
| വകയിരുത്തൽ | 30000 | | | | | |
| ചെലവ് | 30000 | | | | | |

| | |
|---|---|
| ആകെ അടങ്കൽ | 30000 |
| ചെലവ് | 30000 |
| ബിൽ നമ്പർ | 23/2010-11/26.3.11 |

Local Fund Audit Department

| | |
|---|---|
| ഡി.ഡി. നമ്പർ | ഓഡിറ്റ് തീയതി വരെ തുക നൽകിയിട്ടില്ല. |
| തുക | 30000 |

തലയോലപ്പറമ്പ്, അറുനൂറ്റിമംഗലം വനിതാകാന്റീനുകൾക്ക് വേസ്റ്റ് കുഴി നിർമിക്കുന്ന പ്രോജക്ടിനായി 26.3.11 ലെ ബിൽ നമ്പർ 23/2010-11 പ്രകാരം വികസനഫണ്ടിൽനിന്ന് 30000 രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ തുക എങ്ങനെ വിനിയോഗിച്ചെന്നു വ്യക്തമല്ല. പ്രവൃത്തി നടത്തിയതിന്റെ മുഴുവൻ രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രതികൂലകാലാവസ്ഥമൂലം അറുനൂറ്റിമംഗലം വനിതാ കാന്റീനുള്ള വേസ്റ്റ്കുഴി നിർമിക്കാൻ കഴിഞ്ഞില്ലെന്ന് കാണിച്ച് സമയദൈർഘ്യം ആവശ്യപ്പെട്ടുകൊണ്ട് കൺവീനർ നൽകിയ അപേക്ഷയും (തീയതി രേഖപ്പെടുത്തിയിട്ടില്ല.) ഇതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 15 ദിവസം നീട്ടി നൽകിക്കൊണ്ടുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ 11.7.11 ലെ നാലാം നമ്പർ തീരുമാനത്തിന്റെ പകർപ്പും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

തലയോലപ്പറമ്പ് വനിതാകാന്റീൻ വേസ്റ്റ് കുഴിയുടെ പണി പൂർത്തീകരിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കാതെ മുൻകൂറായി അടങ്കൽ തുക മുഴുവൻ പിൻവലിച്ച നടപടി സർക്കാർ നിർദേശത്തിന്റെ ലംഘനമാണ്. (ധനകാര്യവകുപ്പിന്റെ 12.4.06 ലെ ജി.ഒ.(പി) 177/06 ഖണ്ഡിക 6.1 പ്രകാരം അഡ്വാൻസായി വികസനഫണ്ട് പിൻവലിക്കാൻ പാടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നം: 2/2010-11/27.10.11) നൽകിയതിന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ അനധികൃതമായി പിൻവലിച്ച 30000 രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്ന് തുക പലിശസഹിതം തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടയ്ക്കേണ്ടതാണ്. (ജി.ഒ.(പി) 177/06/ഫിൻ /12.4.06 ഖണ്ഡിക 10.3 കാണുക.)

**3.5 ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ വനിതാ ഹോസ്റ്റൽ പ്രവർത്തനക്ഷമമല്ല**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ വനിതാ ഹോസ്റ്റൽ നിർമാണം |
| പ്രോജക്ട് നമ്പർ | 100/10-11 |
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ |
| തരം | പുതിയത് ഏകവർഷം |
| മേഖല | സേവനം |
| വിഭാഗം | എസ്.സി.പി |

**ധനകാര്യവിശകലനം**

| ഫണ്ട് | വികസനഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് | തനത് | കേന്ദ്രാവിഷ്കൃതം | ഗുണഭോക്തൃവിഹിതം | മറ്റ് ഫണ്ടുകൾ |
|---|---|---|---|---|---|---|
| വകയിരുത്തൽ | 853580 | | | | | |
| ചെലവ് | 851970 | | | | | |

| | |
|---|---|
| ആകെ അടങ്കൽ | 853580 |
| ചെലവ് | 851970 |
| ബിൽ നമ്പർ | 33/2010-11/26.3.11 |
| ഡി.ഡി. നമ്പർ | 422955/25.2.11 |
| തുക | 851970 |

Local Fund Audit Department

ബ്ലോക്ക് പഞ്ചായത്തിൽ നിലവിലുള്ള വനിതാ ഫുഡ് പ്രോസസിങ് സെന്ററിന്റെ ഒന്നാം നില പൂർത്തീകരിച്ച് ലേഡീസ് ഹോസ്റ്റലായി ഉപയോഗിക്കുന്നതിനാണ് പ്രസ്തുത പദ്ധതി തയ്യാറാക്കിയത്. 2010-11 ൽ കെട്ടിടനിർമാണം മാത്രം പൂർത്തീകരിച്ചെങ്കിലും വൈദ്യുതീകരണം, ജലവിതരണം എന്നിവയുടെ അഭാവത്തിൽ വനിതാഹോസ്റ്റൽ പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞിട്ടില്ല. അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കി എത്രയുംവേഗം സ്ഥാപനം പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

ഒരു കെട്ടിടത്തിന്റെ പണിക്കുള്ള എസ്റ്റിമേറ്റ്, വൈദ്യുതീകരണം , ജലവിതരണം മുതലായ അടിസ്ഥാനസൗകര്യങ്ങൾ ഉൾപ്പെടുത്തിയേ തയ്യാറാക്കാവൂ എന്ന (ചീഫ് എൻജിനിയറുടെ ടെക്നിക്കൽ സർക്കുലർ നമ്പർ (ബി &ആർ) 12/84/9.8.84 പ്രകാരമുള്ള) നിബന്ധന പാലിക്കാതിരുന്നതിനാൽ അധികച്ചെലവും ചെലവാക്കിയ പണത്തിന് പ്രയോജനമില്ലായ്മയും വന്ന സാഹര്യത്തിലേക്ക് അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3.6 മഹിളാമന്ദിരത്തിലെ അലക്കുശാല പ്രവർത്തനരഹിതം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കല്ലറ മഹിളാമന്ദിരത്തിന് ലോൺട്രി യൂണിറ്റ് |
| പ്രോജക്ട് നമ്പർ | എസ് 019/2010-11 |
| നിർവഹണോദ്യോഗസ്ഥൻ | ഡി.ഡി.പി.ഒ. |
| തരം | സ്പിൽ ഓവർ/ പുതിയത് ഏകവർഷം/ബഹുവർഷം/സംയോജിത പദ്ധതി |
| മേഖല | സേവനം , വനിത |
| വിഭാഗം | ജനറൽ |

### ധനകാര്യവിശകലനം

| ഫണ്ട് | വികസനഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് | തനത് | കേന്ദ്രാവിഷ്കൃതം | ഗുണഭോക്തൃവിഹിതം | മറ്റ് ഫണ്ടുകൾ |
|---|---|---|---|---|---|---|
| വകയിരുത്തൽ | 15000 | | | | | |
| ചെലവ് | 15000 | | | | | |

| | |
|---|---|
| ആകെ അടങ്കൽ | 15000 |
| ചെലവ് | 15000 |
| വൗച്ചർ നമ്പർ | |
| ഡി.ഡി. നമ്പർ | 422950/25.2.11 |
| തുക | 15000 |

കല്ലറയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് മഹിളാമന്ദിരത്തിന് അലക്കുശാലയ്ക്കായി പദ്ധതിത്തുക ഉപയോഗിച്ച് താഴെപ്പറയും പ്രകാരം സാധനസാമഗ്രികൾ വാങ്ങിയിട്ടുണ്ട്.

| | |
|---|---|
| 2 മേശ, 1 തേപ്പുപെട്ടി (സിഡ്കോയിൽ നിന്ന്) | 14429 |
| ബെഡ് ഷീറ്റ് | 500 |
| മരക്കരി | 71 |
| ആകെ | 15000 |

Local Fund Audit Department

എന്നാൽ യൂണിറ്റ് നിലവിൽ പ്രവർത്തിക്കുന്നില്ല. പദ്ധതിപ്പണം പാഴാക്കിയതിനാൽ തുക തടസ്സപ്പെടുത്തുന്നു. പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3.7 തലയോലപ്പറമ്പ് പി.എച്ച്.സി. വാർഡ് നിർമാണം : അഡ്വാൻസ് തിരികെ ഈടാക്കിയില്ല ; പണി പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തലയോലപ്പറമ്പ് പി.എച്ച്.സിക്ക് വാർഡ് നിർമാണം |
| പ്രോജക്ട് നമ്പർ | 76/2009-10 |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| തരം | സ്പിൽ ഓവർ |
| മേഖല | സേവനം വൃദ്ധർ, വികലാംഗർ |
| വിഭാഗം | ജനറൽ |

**ധനകാര്യവിശകലനം**

| ഫണ്ട് | വികസനഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് | തനത് | കേന്ദ്രാവിഷ്കൃതം | ഗുണഭോക്തൃവിഹിതം | മറ്റ് ഫണ്ടുകൾ |
|---|---|---|---|---|---|---|
| വകയിരുത്തൽ | 500000 | | | | | |
| ചെലവ് | 500000 | | | | | |

| | |
|---|---|
| ആകെ അടങ്കൽ | 500000 |
| ചെലവ് | 100000 |
| വൗച്ചർ നമ്പർ | |
| ഡി.ഡി. നമ്പർ | |
| തുക | 100000 |

Local Fund Audit Department

കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2008-09 ലെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന് അഞ്ചുലക്ഷം രൂപ അനുവദിക്കുകയുണ്ടായി. പ്രോജക്ട് നടപ്പാക്കുന്നതിനായി ഗുണഭോക്തൃസമിതി രൂപീകരിക്കുകയും സമിതി ഒരു ലക്ഷം രൂപ മൊബിലൈസേഷൻ അഡ്വാൻസ് വാങ്ങി പണി ആരംഭിക്കുകയും ചെയ്തു. തുടർന്ന് പണി നടക്കാതെ വരികയും 2009-10 വർഷവും പണിയൊന്നും നടക്കാതെ പദ്ധതി നിർത്തിവയ്ക്കേണ്ട സാഹചര്യം ഉണ്ടാവുകയും ചെയ്തു. ഈ സന്ദർഭത്തിൽ 2008-09 വാർഷികപദ്ധതി പ്രകാരം അനുവദിച്ച തുക ഉപയോഗിച്ച് എസ്റ്റിമേറ്റ് പ്രകാരം പണി പൂർത്തീകരിക്കാൻ സാധ്യമല്ലെന്ന് ഗുണഭോക്തൃസമിതി കൺവീനർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ നിശ്ചിതസ്റ്റേജിൽ വർക്ക് ക്ലോസ് ചെയ്യുന്നതിനും നടപ്പുവർഷത്തെ ഫണ്ടും സ്പിൽഓവർ ഫണ്ടും ഉപയോഗിച്ച് പുതുതായി എസ്റ്റിമേറ്റ് തയ്യാറാക്കി നിശ്ചിതവേല പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയറെ ചുമതലപ്പെടുത്തി തീരുമാനിക്കുകയുണ്ടായി. (ഭരണസമിതിയുടെ 26.3.10 ലെ തീരുമാനം നമ്പർ 7)

ഗുണഭോക്തൃസമിതിയുടെ നേതൃത്വത്തിൽ ആരംഭിച്ച് ഉപേക്ഷിക്കപ്പെട്ട പണിക്ക് നൽകിയ മുൻകൂർ ക്രമീകരിച്ചതിന്റെയോ തിരികെ അടച്ചതിന്റെയോ വിവരങ്ങൾ ലഭ്യമല്ല.

ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ നിർദേശാനുസരണം ഈ വേലയ്ക്കായി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി തൻവർഷപദ്ധതിയിൽ ഉൾപ്പെടുത്തിയതായും കാണുന്നില്ല.

ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഗുണഭോക്തൃസമിതിക്ക് അനുവദിച്ച മുൻകൂർ തുക തിരികെ ഈടാക്കുന്നതിനും പണി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3.8 ഉടമസ്ഥാവകാശമില്ലാത്ത സ്ഥലത്ത് വൃദ്ധമന്ദിരനിർമാണം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കല്ലറ ഗ്രാമപഞ്ചായത്ത് ആറാം വാർഡിൽ വൃദ്ധമന്ദിരം |
| പ്രോജക്ട് നമ്പർ | എസ് 075/2010-11 |
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ |
| തരം | സ്പിൽ ഓവർ |
| മേഖല | സേവനം/ വൃദ്ധർ |
| വിഭാഗം | ജനറൽ |

**ധനകാര്യവിശകലനം**

| ഫണ്ട് | വികസനഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് | തനത് | കേന്ദ്രാവിഷ്കൃതം | ഗുണഭോക്തൃവിഹിതം | മറ്റ് ഫണ്ടുകൾ |
|---|---|---|---|---|---|---|
| വകയിരുത്തൽ | 750000 | | | | | |
| ചെലവ് | 747683 | | | | | |

| | |
|---|---|
| ആകെ അടങ്കൽ | 750000 |
| ചെലവ് | 747683 |
| വൗച്ചർ നമ്പർ | |
| ഡി.ഡി. നമ്പർ | |
| തുക | 747683 |

Local Fund Audit Department

കല്ലറ ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിൽ 32-ാം നമ്പർ അംഗൻവാടി കെട്ടിടം സ്ഥിതിചെയ്യുന്ന കോമ്പൗണ്ടിൽ വൃദ്ധമന്ദിരം നിർമിക്കുന്നതിന് ആവിഷ്കരിച്ച പ്രോജക്ടാണിത്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ പ്രസ്തുത കെട്ടിടം നിർമിച്ച സ്ഥലം ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയതായോ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതോ അല്ലെന്നു കാണുന്നു. ആസ്തി രജിസ്റ്ററിലും ഈ സ്ഥലം കാണുന്നില്ല.

ഇക്കാരണത്താൽ കെട്ടിടം നിർമിക്കുന്നതിന് വികസനഫണ്ടിൽനിന്ന് 2009-10 , 2010-11 വർഷങ്ങളിൽ പിൻവലിച്ച 747683 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നിലവിൽ കെട്ടിട നിർമാണം മാത്രം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ തുടർപ്രവൃത്തികൾ പൂർത്തിയാക്കി വൃദ്ധമന്ദിരം പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ ക്ഷണിക്കുന്നു.

## 3.9 അനുപൂരകപോഷകാഹാരപരിപാടി : കേന്ദ്രവിഹിതം വിനിയോഗിച്ചില്ല

സംയോജിത ശിശുവികസനപദ്ധതിയിൻകീഴിൽ അംഗൻവാടികൾ വഴി നടപ്പാക്കുന്ന അനുപൂരകപോഷകാഹാരപദ്ധതിക്കായി ചെലവാകുന്ന തുകയുടെ 2/3 ഭാഗം ഗ്രാമപഞ്ചാ

യത്തും 1/3 ഭാഗം ബ്ലോക്ക് പഞ്ചായത്തുമാണ് വഹിക്കേണ്ടത്. ഇങ്ങനെ ആകെ ചെലവാകുന്ന തുകയുടെ 50% തുക കേന്ദ്രസർക്കാർ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കായി നിശ്ചിത അനുപാതത്തിൽ നിബന്ധനകൾക്കു വിധേയമായി നൽകുന്നു.

കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിൽ അനുപൂരകപോഷകാഹാരപദ്ധതി നടപ്പാക്കിയിരിക്കുന്നത് സെക്രട്ടറിയാണ്. ശിശുവികസനപദ്ധതി ഓഫീസർ (സി.ഡി.പി.ഒ.) നടപ്പാക്കേണ്ട പ്രോജക്ട് സെക്രട്ടറി ഏറ്റെടുത്ത് നടത്തിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. അംഗീകാരം ലഭിച്ച അന്തിമപദ്ധതിരേഖയിൽ പ്രോജക്ടിനായി വികസനഫണ്ടിൽനിന്ന് പത്തുലക്ഷം രൂപയും കേന്ദ്രാവിഷ്കൃതഫണ്ടിൽനിന്ന് പത്തുലക്ഷം രൂപയും ഉൾപ്പെടെ 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ വിശദമായ പദ്ധതിരേഖ പരിശോധിച്ചപ്പോൾ വികസനഫണ്ടിൽനിന്ന് പത്തുലക്ഷം രൂപയും കേന്ദ്രാവിഷ്കൃതപദ്ധതിയിൽനിന്ന് നാലുലക്ഷം രൂപയുമാണ് വകയിരുത്തിയിരിക്കുന്നത്. (ആകെ 14 ലക്ഷം രൂപ) ഇപ്രകാരം പദ്ധതിരേഖയിൽ മാറ്റം ഉണ്ടായതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

പദ്ധതി നടപ്പാക്കിയിരിക്കുന്നത് വിഭാവനം ചെയ്ത രീതിയിലല്ല. വികസനഫണ്ടിൽനിന്നുള്ള പത്തുലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള ഏഴു ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. കേന്ദ്രവിഹിതം ചെലവു ചെയ്തിട്ടില്ല. പദ്ധതി ഓരോ പഞ്ചായത്തുകളിലും നടപ്പാക്കിയതിന് ആകെ ചെലവഴിച്ച തുകയുടെ അനുപാതത്തിൽ ബ്ലോക്ക് വിഹിതം വിനിയോഗിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുന്ന വിധത്തിലുള്ള വിനിയോഗവിവരങ്ങൾ ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടില്ല.

## 3.10 പ്രോജക്ട് പ്രകാരം വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല

2010-11 സാമ്പത്തികവർഷം വിവിധ സ്ഥാപനങ്ങളിലേക്ക് ഫർണിച്ചറുകൾ വാങ്ങി നൽകുന്നതിനായി പ്രോജക്ട് തയ്യാറാക്കുകയും വികസനഫണ്ടിൽനിന്ന് തുക ചെലവഴിച്ച് ഉപകരണങ്ങൾ വാങ്ങുകയും ചെയ്തെങ്കിലും വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവ് തുക | ഡി.ഡി. നമ്പർ |
|---|---|---|---|
| എസ് 026/2011 | വനിതാ കാന്റീനിലേക്ക് ഫർണിച്ചർ | 120135 | 43074/30.3.11 |
| എസ് 045/2011 | അംബേദ്കർ കോളനി ലൈബ്രറി സാംസ്കാരിക നിലയത്തിന് ഫർണിച്ചർ | 100000 | 43090/4.4.11 |
| എസ് 040/2010-11 | കല്ലറ ഗ്രാമപഞ്ചായത്ത് എസ്.സി. സാംസ്കാരികനിലയങ്ങൾക്ക് ഫർണിച്ചർ | 50000 | 43091/4.4.10 |

2007-08 നുശേഷം ബ്ലോക്ക് പഞ്ചായത്തിൽ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തത് ഗുരുതരമായ കൃത്യവിലോപമാണ്. ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3.11 പണി ആരംഭിച്ച് പൂർത്തീകരിക്കാത്ത പ്രോജക്ടുകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ 2010-11 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയ താഴെപ്പറയുന്ന ഏകവർഷപ്രോജക്ടുകൾ നടപ്പുസാമ്പത്തികവർഷം പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ ഈ പ്രോജക്ടുകൾക്ക് പാർട്ട്ബിൽ തുകയായി നൽകിയ 1088741 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഈ വേലകൾ പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെ ച്ചേർക്കുന്നു.

Local Fund Audit Department

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അട ങ്കൽ | പാർട്ട് ബിൽ തുക |
|---|---|---|---|
| 8/2011 | മാമലശേരി എസ്.എൻ.വി. കലുങ്ക് നിർമാണം | 500000 | 235336 |
| 95/2011 | സിച്ച്സി അറുനൂറ്റിമംഗലം മെയിന്റനൻസ് | 500000 | 374922 |
| 75/2011 | വടക്കേപുതുശേരി മോട്ടോർഷെഡ് നിർമാണം | 179080 | 121567 |
| 73/2011 | മനക്കേക്കരി- തെക്കേക്കരി എസ്.എൻ.വി. മുണ്ടോടി തോട്ടിൽ ചീപ്പ് നിർമാണം | 579820 | 356916 |
| ആകെ | | | 1088741 |

### 3.12 സംയുക്തപ്രോജക്ടുകൾ : 16.90 ലക്ഷം രൂപയുടെ ചെലവുരേഖകൾ ലഭ്യമല്ല

2010-11 വർഷത്തെ പദ്ധതിരേഖയിൽ ഉൾപ്പെടുത്തിയിരുന്ന സംയുക്തപ്രോജക്ടുകളുടെ നിർവഹണത്തിനായി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിവിഹിതത്തിൽനിന്ന് 16.90 ലക്ഷം രൂപ കൈമാറിയിരുന്നു. എന്നാൽ പദ്ധതി നടപ്പാക്കുന്ന ഗ്രാമപഞ്ചായത്തുകളിൽനിന്ന് തുകയുടെ വിനിയോഗവിവരങ്ങളോ പ്രവൃത്തിയുടെ പൂർത്തീകരണവിവരമോ ലഭ്യമായിട്ടില്ല. ഈ സാഹചര്യത്തിൽ 16.90 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽനിന്ന് ചെലവ്തുകയുടെ വിനിയോഗവിവരങ്ങൾ (വിശദാംശങ്ങൾ സഹിതം), പ്രവൃത്തിപൂർത്തീകരണസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സംയുക്തപ്രോജക്ടുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | പ്രോജക്ട് നമ്പർ | പ്രോജക്ട് | നടപ്പാക്കുന്ന ഗ്രാമപഞ്ചായത്ത് | അടങ്കൽ തുക | ചെലവ് തുക | ബിൽ നമ്പർ/ ഡി.ഡി. നമ്പർ | മറ്റു പരാമർശങ്ങൾ |
|---|---|---|---|---|---|---|---|
| 1 | എസ് 041/10-11 | ചറവൻതുരുത്ത് കുടിവെള്ളപദ്ധതി | കല്ലറ | 170500 | 150000 | 43011/11.3.11 | വിനിയോഗവിവരങ്ങൾ ലഭ്യമല്ല |
| 2 | എസ് 068/10-11 | വെള്ളാശേരി ചെറുശേരി മുക്കിടികാട് കുടിവെള്ളപദ്ധതി | കടുത്തുരുത്തി | 137500 | 100000 | 43056/23.3.11 | ഒറിജിനൽ രസീതിന്റെ പകർപ്പ്, വിനിയോഗവിവരങ്ങൾ എന്നിവ ലഭ്യമല്ല. |
| 3 | എസ് 029/10-11 | പഞ്ചായത്തുപടി - കളപ്പുരതാഴം റോഡ് മെറ്റിലിങ് | കല്ലറ | 283000 | 100000 | 43011/11.3.11 | ഒറിജിനൽ രസീതിന്റെ പകർപ്പ് |

Local Fund Audit Department

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | ലഭ്യമാണ്. വിനിയോഗവിവരങ്ങൾ ലഭ്യമല്ല. |
| 4 | എസ് 019/10-11 | കിഴക്കേചോരത്തുതാഴം ഗുരുമന്ദിരം- പൂപ്പളളിറോഡ് | കല്ലറ | 158000 | 75000 | 43011/11.3.11 | ,, |
| 5 | എസ് 031/10-11 | ചട്ടറപ്പറമ്പ് പുതിയേടത്ത് താഴം റോഡ് | കല്ലറ | 123000 | 65000 | 43083/2.4.11 | ,, |
| 6 | എസ് 032/10-11 | തകിടിമ്യാലിൽ കളപ്പുരത്താഴം റോഡ് | കല്ലറ | 600000 | 50000 | 43011/11.3.11 | ,, |
| 7 | എസ് 052/10-11 | ചക്കാല വെളളാറ റോഡ് ടാറിങ് | തലയോലപ്പറമ്പ് | 600000 | 300000 | 43012/11.03.11 | വിനിയോഗവിവരങ്ങൾ ലഭ്യമല്ല. |
| 8 | എസ് 066/10-11 | വടകര സാംസ്കാരിക നിലയം, അടിസ്ഥാനസൗകര്യം ഉണ്ടാക്കൽ | വെളളൂർ | 60000 | 50000 | 609395/25.1.11 | ,, |
| 9 | എസ് 067/10-11 | വരിക്കാംകുന്ന് സാംസ്കാരിക നിലയം അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ | വെളളൂർ | 60000 | 50000 | 609395/25.1.2011 | ,, |
| 10 | എസ് 034/10-11 | മുണ്ടാർ നബാർഡ് റോഡ്- പാറയിൽ കോളനി റോഡ് | കല്ലറ | 17500 | 175000 | 43011/11.3.11 | ഒറിജിനൽ രസീതിന്റെ പകർപ്പ് ലഭ്യമാണ്. വിനിയോഗവിവരങ്ങൾ ഇല്ല. |
| 11 | എസ് 035/10-11 | ഗാന്ധി ആശ്രമം, ചെറുമലത്താഴം റോഡ് | കല്ലറ | 175000 | 75000 | 43011/11.3.11 | ,, |

Local Fund Audit Department

| | | | | | | | |
|---|---|---|---|---|---|---|---|
| 12 | എസ് 104/10-11 | കാരാത്ര കിട ങ്ങാട്ടുപടി റോഡ് മെറ്റി ലിങ് | തലയോ ലപ്പറമ്പ് | 300000 | 300000 | 43012/11.3.11 | വിനിയോ ഗവിവരം ലഭ്യമല്ല. |
| 13 | എസ് 064/11 | കലുങ്ക്- തട്ടു മ്പുറം പൈപ്പ്ലൈൻ | വെള്ളൂർ | 60000 | 50000 | 43058/23.3.11 | തുക കൈപ്പറ്റിയ തിന്റെ ഒറി ജിനൽ രസീത്, വിനിയോ ഗവിവര ങ്ങൾ എന്നിവ ലഭ്യമല്ല. |
| 14 | എസ് 11/11 | അയ്യങ്കോവിൽ കോളനിറോഡ് പുനരുദ്ധാരണം | മാഞ്ഞൂർ | 200000 | 100000 | 43057/23.3.11 | ,, |
| 15 | എസ് 108/11 | എടാട്ടുപടി വാലയിൽ കോളനി റോഡ് ടാറിങ് | കല്ലറ | 110000 | 50000 | 43084/18.4.11 | വിനിയോ ഗവിവര ങ്ങൾ ലഭ്യ മല്ല. |
| | ആകെ | | | | 1690000 | | |

### 3.13 മുൻകൂറായി ഡെപ്പോസിറ്റ് നൽകൽ : വിനിയോഗവിവരങ്ങൾ ലഭ്യമല്ല

2010-11 വർഷം സ്ട്രീറ്റ്ലൈൻ വലിക്കൽ, കുഴൽക്കിണർ നിർമാണം എന്നീ പ്രോജക്ടുകളുടെ നിർവഹണത്തിനായി താഴെപ്പറയും പ്രകാരം വിവിധ നിർവഹണ ഏജൻസികൾക്ക് അഡ്വാൻസായി കൈമാറിയ തുകയുടെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. 1996 ലെ കേരള പഞ്ചായത്ത്രാജ് (കരാർ) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം ഒപ്പിട്ട കരാറിന്റെ വിവരം ലഭ്യമല്ല. യഥാസമയം പണി പൂർത്തീകരിച്ചില്ലെങ്കിൽ കരാറിലെ വ്യവസ്ഥ പ്രകാരം പിഴപ്പലിശയോടെ തുക ഈടാക്കേണ്ടതാണ്.

| | പ്രോജക്ട് നമ്പർ | പ്രോജക്ട് | നിർവഹണ ഏജൻസി | അട ങ്കൽ | ചെലവ് തുക | ഡി.ഡി.നമ്പർ, തീയതി |
|---|---|---|---|---|---|---|
| 1 | എസ് 057/11 | അറയ്ക്കൽപ്പാലം താഴെ സ്ട്രീറ്റ്ലൈൻ വലിക്കൽ | കെ.എസ്.ഇ. ബി. | - | 19800 | 43087/4.4.11 |
| 2 | എസ് 050/11 | വാലാച്ചിറ സീഡ്ഫാം റോഡ് ലൈൻ | കെ.എസ്.ഇ. ബി. | | 24750 | 4308/4.4.11 |
| 3 | എസ് 059/11 | പുളിഞ്ചുവട് വട്ടനിര പ്പേൽ ലൈൻ | കെ.എസ്.ഇ. ബി. | - | 39930 | 43089/4.4.11 |
| 4 | എസ് 058/11 | കൊടികുത്തി കോളനി ലൈൻ നീട്ടൽ | കെ.എസ്.ഇ. ബി. | 50000 | 74800 | 43086/28.3.11 |
| 5 | എസ് 013/10-11 | ഓട്ടപ്പള്ളി പാലം ട്രാൻസ്ഫോമർ | കെ.എസ്.ഇ. ബി. | 148921 | 48975<br>48975 | 161096/16.5.11<br>161097/16.5.11 |

Local Fund Audit Department

| | | | | | | |
|---|---|---|---|---|---|---|
| | | | | | 48971<br>146921 | 161098/16.5.11 |
| 6 | എസ് 060/11 | മാന്നാർ മന്താംകുന്ന് കുടിവെള്ളപദ്ധതി | ഭൂഗർഭജലവകുപ്പ് | 600000 | 600000 | 42906/25.1.11 |
| 7 | എസ് 058/11 | കൊടികുത്തി സെറ്റിൽമെന്റ് കോളനി വൈദ്യുതി ലൈൻ നീട്ടൽ | കെ.എസ്.ഇ.ബി | 75000 | 74800 | 43086/4.4.11 |
| | ആകെ | | | 873921 | | |

വിനിയോഗവിവരങ്ങളുടെ അഭാവത്തിൽ 873921 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 3.14 ട്രഷറിയിൽനിന്ന് അധികം പിൻവലിച്ച തുക തിരിച്ചടച്ചില്ല

2010-11 ലെ വാർഷികപദ്ധതിയിൽപ്പെടുത്തി നടപ്പാക്കിയ ചില പ്രോജക്ടുകളുടെ യഥാർത്ഥ ചെലവിൽ അധികരിച്ച് ട്രഷറിയിൽനിന്ന് പണം പിൻവലിക്കുകയും ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്തിരുന്നു. നോൺ ബാങ്കിങ് ട്രഷറി ആയതിനാൽ ട്രഷറിയിൽനിന്ന് പിൻവലിക്കുന്ന തുക സിൻഡിക്കേറ്റ് ബാങ്കിലുള്ള പ്രത്യേക അക്കൗണ്ടിൽനിന്ന് പിൻവലിക്കുക യാണ് ചെയ്യുന്നത്. വിവിധ പ്രോജക്ടുകൾക്കായി ആകെ 15920 രൂപ ട്രഷറിയിൽനിന്ന് അധികം പിൻവലിക്കുകയുണ്ടായി. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | ബിൽ പ്രകാരം മാറിയ തുക | യഥാർത്ഥ ചെലവ് | അധികം പിൻവലിച്ചത് |
|---|---|---|---|---|---|
| 1 | എസ് 038/11 | കൊല്ലങ്കേരി കോളനി- പാറയിൽ കോളനി കടുത്തുതോണി | 50000 | 49850 | 150 |
| 2 | എസ് 039/11 | മനയ്ക്കകരി കടത്തുതോണി | 45000 | 44950 | 50 |
| 3 | എസ് 059/11 | പുളിഞ്ചുവട് വട്ടനിരപ്പേൽ ലൈൻ വലിക്കൽ | 50000 | 39930 | 10070 |
| 4 | എസ് 056/11 | വാലാച്ചിറ സീഡ്ഫാം റോഡ് ലൈൻ | 25000 | 24750 | 250 |
| 5 | എസ് 057/11 | അറയ്ക്കൽപാലം താഴെ സ്ട്രീറ്റ് ലൈൻ | 25000 | 19800 | 5200 |
| 6 | എസ് 058/11 | കൊടികുത്തി കോളനി ലൈൻ വലിക്കൽ | 75000 | 74800 | 200 |
| | | ആകെ | | | 15920 |

ഇപ്രകാരം 31.3.2011 ൽ അധികമായി പിൻവലിച്ച തുക യഥാസമയം അടയ്ക്കാതെ 23.8.11 വരെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ച നടപടി ക്രമരഹിതമാണ്. 24.8.11 ൽ ചെലാൻ നമ്പർ 114/24.8.11 പ്രകാരം 8448-00-109-93-02 ബി.പി.എഫ്.എ-2 എന്ന ശീർഷകത്തിൽ പബ്ലിക്ക് അക്കൗണ്ടിലേക്ക് തന്നെയാണ് തുക തിരികെ അടവാക്കിയിട്ടുള്ളത്. സാമ്പത്തിക വർഷം കഴിഞ്ഞുപോയതിനാൽ ചെലാൻ മുഖേന 3604 എന്ന പ്രധാന ശീർഷകത്തിൻകീഴിലുള്ള ഉപശീർഷകം 911-ആർ.ഒ.പി. പ്രകാരം കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. (ജി.ഒ.(പി) 177/06/ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം) അധികമായി പിൻവലിച്ച തുക യഥാസമയം തിരികെ അടയ്ക്കാൻ വീഴ്ച വരുത്തിയ സെക്രട്ടറിയിൽനിന്ന് 31.3.11

Local Fund Audit Department

മുതൽ 23.8.11 വരെയുള്ള കാലയളവിലേക്ക് 18% പിഴപലിശ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

### 3.15 റോഡുപണികൾ

റോഡുകളുമായി ബന്ധപ്പെട്ട പ്രോജ്കടുകൾ ഏറ്റെടുക്കുന്നതിനെ സംബന്ധിച്ച് പതിനൊന്നാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയിലെ നിബന്ധനകൾ താഴെ പറയുന്നു. (ജി.ഒ.(എം.എസ്.) 128/07/തസ്വഭവ/14.5.07 ഖണ്ഡിക 5.12.4, 5.12.5 എന്നിവ പ്രകാരം)

1) രണ്ട് ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതോ പുതിയ പ്രദേശങ്ങളിലേക്ക് കടക്കുന്നതോ ആയ ലിങ്ക് റോഡുകൾ മാത്രം ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ടതാണ്.
2) ബ്ലോക്ക് പഞ്ചായത്തുകളുടെ റോഡുകൾക്ക് കുറഞ്ഞത് 8 മീറ്റർ വീതി ഉണ്ടായിരിക്കണം.
3) സ്ഥലം ലഭിക്കുകയില്ല എന്ന് പരിശോധനയിൽ ജില്ലാ ആസൂത്രണസമിതിക്ക് ബോധ്യപ്പെടുകയാണെങ്കിൽ പട്ടികജാതി/പട്ടികവർഗ്ഗ സങ്കേതങ്ങളിലും തീരപ്രദേശങ്ങളിലും റോഡിന്റെ വീതി 6 മീറ്ററായി ജില്ലാ ആസൂത്രണ സമിതിക്ക് ഇളവ് ചെയ്യാം.
4) ഗ്രാമപഞ്ചായത്തുകളും നഗരസഭകളും മാത്രമേ 8 മീറ്ററിൽ കുറവ് വീതിയുള്ള റോഡ് നിർമ്മാണം ഏറ്റെടുക്കാവൂ.

ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളും പരിപാലിക്കുക എന്നതാണ് കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 172 (1) ഖണ്ഡിക IX (1) പ്രകാരം പൊതുമരാമത്ത് മേഖലയിൽ നിറവേറ്റേണ്ട ചുമതല.

മേൽപ്പറഞ്ഞ നിബന്ധനകൾക്കു വിരുദ്ധമായി ഒരു ഗ്രാമപഞ്ചായത്തിൽ മാത്രം ഒതുങ്ങിയ റോഡുകളുടെ പണിയാണ് ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തത്. ഏറ്റെടുത്ത റോഡുകളാകട്ടെ ആസ്തി രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയവയുമല്ല. പദ്ധതി രൂപീകരണവേളയിൽ വർക്കിങ് ഗ്രൂപ്പുകളും സ്റ്റാൻഡിങ് കമ്മിറ്റികളും ഭരണസമിതിയും നിയമവിരുദ്ധമായും മാർഗരേഖയ്ക്ക് എതിരായും പ്രവർത്തിച്ചത് പരിശോധനാവേളയിൽ ടി.എ.ജിയും അംഗീകാരഘട്ടത്തിൽ ഡി.പി.സിയും തിരുത്താൻ തയ്യാറായതുമില്ല. ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന റോഡ് പണികൾക്കുവേണ്ടിയുള്ള 1018133 രൂപയുടെ ചെലവ് സർക്കാരിന്റെ സാധൂകരണം ലഭ്യമാക്കുന്നതിനായി തടസ്സപ്പെടുത്തുന്നു.

| | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നടപ്പാക്കിയ ഗ്രാമപഞ്ചായത്ത് |
|---|---|---|---|---|
| 1 | 6/11 | എച്ച്.എൻ.എൽ. വല്ലേപ്പടി റോഡ് നന്നാക്കൽ | 350792 | വെള്ളൂർ |
| 2 | 14/11 | വിളയംകോട് പതിക്കുന്ന് റോഡ് ടാറിങ് | 198201 | ഞീഴൂർ |
| 3 | 16/11 | തൊണ്ണംകുഴി മാനാടി റോഡ് മെറ്റിലിങ്, ടാറിങ് | 469140 | കടുത്തുരുത്തി |

Local Fund Audit Department

## 3.16 പ്രത്യേകഘടകപദ്ധതി (എസ്.സി.പി.)

### എ)പട്ടികജാതിഫണ്ട് വിനിയോഗിച്ച് ബ്ലോക്ക്പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രോജക്ടുകൾ ഏറ്റെടുത്തത് നിയമലംഘനം

കേരള പഞ്ചായത്ത് രാജ് ആക്ട് 172-ാം വകുപ്പിന്റെ ഒന്നാം ഉപവകുപ്പ് പട്ടിക 4(13) പ്രകാരം പട്ടികജാതി/ പട്ടികവർഗ വികസനമേഖലയിൽ പ്രീമെട്രിക്ക് ഹോസ്റ്റലുകൾ നടത്തുക, പട്ടികജാതി/ പട്ടികവർഗ വിഭാഗക്കാർക്കുവേണ്ടി സഹകരണസംഘങ്ങൾ വളർത്തുക എന്നിവയാണ് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകൾ. സ്ട്രീറ്റ്ലൈൻ വലിക്കൽ, പട്ടികജാതി/ പട്ടികവർഗവാസകേന്ദ്രങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നിവ കേരള പഞ്ചായത്ത്രാജ് നിയമം 166(1)-ാം വകുപ്പ് പട്ടിക 111 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്ന പ്രോജക്ടുകളാണ്. എന്നാൽ ഇതിനു വിരുദ്ധമായി നിയമപരമായ ചുമതലയിൽപ്പെടാത്ത താഴെപ്പറയുന്ന പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കിയതിനാൽ 324800 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഈ ചെലവുകൾക്ക് സർക്കാരിന്റെ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

| | പ്രോജക്ട് നമ്പർ | പ്രോജക്ട് | അടങ്കൽ | ചെലവ് | ഡി.ഡി. നമ്പർ/ തീയതി |
|---|---|---|---|---|---|
| 1 | 40/10-11 | കല്ലറ ഗ്രാമപഞ്ചായത്തിലെ 1, 2, 10 വാർഡുകളിൽ എസ്.സി. സാംസ്കാരികനിലയങ്ങൾക്ക് ഫർണിച്ചർ | 50000 | 50000 | 43091/4.4.11 |
| 2 | 43/10-11 | അംബേദ്കർ കോളനി സാംസ്കാരിക നിലയത്തിന് ഫർണിച്ചർ | 100000 | 100000 | 43090/4.4.11 |
| 3 | 58/10-11 | കൊടികുത്തി സാംസ്കാരികനിലയത്തിന് വൈദ്യുതിലൈൻ വലിക്കൽ | 75000 | 74800 | 43086/28.3.11 |
| 4 | 59/10-11 | പുളിഞ്ചുവട് വട്ടനിരപ്പേൽ ഭാഗം വൈദ്യുതിലൈൻ വലിക്കൽ | 50000 | 50000 | 43084/4.4.11 |
| 5 | 11/10-11 | അച്ചൻകോയിക്കൽ സെറ്റിൽമെന്റ് കോളനി റോഡ് പുനരുദ്ധാരണം | 100000 | 50000 | ലഭ്യമല്ല |

ആദ്യഘട്ടമായ പ്രോജക്ട് രൂപീകരണവേളയിൽത്തന്നെ പ്രോജക്ടുകളുടെ നിയമസാധുത ഉറപ്പുവരുത്തേണ്ടത് പ്രോജക്ട് തയ്യാറാക്കുന്ന വർക്കിങ് ഗ്രൂപ്പിന്റെ ഉത്തരവാദിത്തമാണ്. കൂടാതെ പ്രോജക്ടുകൾ അംഗീകരിക്കുന്ന ഭരണസമിതിക്കും പരിശോധിക്കുന്ന ടി.എ.ജി.ക്കും അംഗീകരിക്കുന്ന ഡി.പി.സി.ക്കും അവ നിയമാനുസൃതമാണെന്ന് ഉറപ്പുവരുത്തേണ്ട ബാധ്യതയുണ്ട്. ഓരോ പ്രോജക്ടും മാർഗനിർദേശങ്ങൾക്ക് അനുസൃതമാണെന്ന് ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തിയതിനുശേഷമേ നിർവഹണോദ്യോഗസ്ഥൻ ആയത് നടപ്പാക്കാവൂ.

## 3.17 പട്ടികവർഗഉപപദ്ധതി (ടി.എസ്.പി.)

പട്ടികവർഗഉപപദ്ധതിയിൽപ്പെട്ട മൂന്ന് പ്രോജക്ടുകളിൽ 314110 രൂപ വകയിരുത്തുകയും 67000 രൂപ ചെലവഴിച്ച് ഒരു പ്രോജക്ട് മാത്രം നടപ്പാക്കുകയും ചെയ്തു. നടപ്പാക്കിയ ഭവനനിർമാണപ്രോജക്ടിലെ ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പ് തദ്ദേശസ്വയംഭരണവകുപ്പിന്റെ 14.5.07 ലെ ജി.ഒ.(എം.എസ്.) 128/07 അനുബന്ധം ആറ് പ്രകാരമുള്ള മാർഗരേഖയിലെ നിബന്ധനകൾ പാലിച്ചുകൊണ്ടാണ് നടത്തിയിരിക്കുന്നതെന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനയക്ക് ഹാജരാക്കിയിട്ടില്ല.

Local Fund Audit Department

## 3.18 ഏറ്റെടുക്കാൻ പാടില്ലാത്ത പ്രോജക്ടുകൾ ഏറ്റെടുത്തത് സർക്കാർ ഉത്തരവിന്റെ ലംഘനം

പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ (2007-2012) ബ്ലോക്ക് പഞ്ചായത്തുകൾക്ക് താഴെപ്പറയുന്ന ഒഴിവാക്കാൻ കഴിയാത്ത സാഹചര്യങ്ങളിലും അടിയന്തിരഘട്ടങ്ങളിലുമല്ലാതെ അഞ്ചുലക്ഷത്തിൽ താഴെ അടങ്കലുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല. (ജി.ഒ. (എം.എസ്.) 183/07/തസ്വഭവ/24.7.07 ഖണ്ഡിക 6.14, ജി.ഒ.(എം.എസ്.)199/08/തസ്വഭവ/11.7.08 ഖണ്ഡിക 9.2 എന്നിവ കാണുക.)

1) മുമ്പ് തുടങ്ങിയ പ്രോജക്ടുകൾ പൂർത്തീകരിക്കുക/കമ്മീഷൻ ചെയ്യുക.
2) വരൾച്ച/വെള്ളപ്പൊക്കം/മറ്റ് പ്രകൃതിക്ഷോഭങ്ങൾ എന്നിവ നേരിടുക
3) കൈമാറിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾ/പുതുക്കിപ്പണിയൽ/കൂട്ടിച്ചേർക്കലുകൾ
4) സാമഗ്രികൾ വാങ്ങൽ

ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത 98 പ്രോജക്ടുകളിൽ 12 എണ്ണം മാത്രമാണ് അഞ്ചുലക്ഷത്തിൽ കൂടുതലുള്ളത് എന്ന വസ്തുത മാർഗരേഖയുടെ ലംഘനത്തിലേക്ക് വിരൽ ചൂണ്ടുന്നു. ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുന്ന ചെറിയ പ്രോജക്ടുകൾ ഏറ്റെടുക്കുക വഴി ചുമതല വിഭജനത്തിലെ കൃത്യത ഉറപ്പാക്കാതിരിക്കുകയും ധനനഷ്ടവും സമയനഷ്ടവും ഉണ്ടാവുകയുമാണ് ചെയ്യുന്നത്. പദ്ധതി പരിശോധനാഘട്ടത്തിൽ ടി.എ.ജിയും അംഗീകാരഘട്ടത്തിൽ ഡി.പി.സിയും വേണ്ടത്ര ജാഗ്രത കാണിക്കാതിരുന്നതും മാർഗരേഖയുടെ ലംഘനത്തിന് ഇടയാക്കി. ഈ സാഹചര്യത്തിൽ അഞ്ചുലക്ഷത്തിൽ താഴെ അടങ്കലുള്ള പ്രോജക്ടുകൾക്കുവേണ്ടിയുള്ള 3837962 രൂപയുടെ ചെലവിന് സർക്കാരിൽനിന്ന് സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

Local Fund Audit Department

## 3.19 പ്രോജക്ടുകൾ നടപ്പാക്കിയില്ല

പ്രദേശത്തിന്റെ വികസനവും പ്രദേശവാസികളുടെ ക്ഷേമവും ഉറപ്പാക്കുന്നതിനുവേണ്ടി ഗ്രാമസഭകളിലൂടെ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന പ്രോജക്ടുകളാണ് വികസന സെമിനാറിലെയും സ്റ്റാന്റിംഗ് കമ്മിറ്റികളിലെയും ഭരണസമിതിയിലെയും ചർച്ചകൾക്കും സാങ്കേതികോപദേശസമിതിയുടെ പരിശോധനയ്ക്കും ജില്ലാ ആസൂത്രണസമിതയുടെ അംഗീകാരത്തിനും ശേഷം നിർവഹണോദ്യോഗസ്ഥരുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കുന്നത്. വിവിധ തരത്തിലും തലത്തിലുംപെട്ട ജനവിഭാഗങ്ങളുടെയും ജീവനക്കാരുടെയും അധ്വാനവും സമയവും പൊതുധനവും പൊതുസൗകര്യങ്ങളും ഏറെ പ്രയോജനപ്പെടുത്തിയാണ് ഓരോ പ്രോജക്ടും തയ്യാറാക്കുന്നത്. ഇങ്ങനെ വലിയ പരിശ്രമത്തിലൂടെ രൂപപ്പെടുത്തുന്ന പ്രോജക്ടുകൾ ബന്ധപ്പെട്ടവരുടെ സഹായസഹകരണത്തോടെ നിറവേറ്റാതിരിക്കുന്ന നിർവഹണോദ്യോഗസ്ഥരുടെ നടപടി അതീവ ഗുരുതരമായ കൃത്യവിലോപമാണ്. പദ്ധതിരൂപീകരണത്തിനുള്ള ക്ലേശവും തയ്യാറെടുപ്പും നിർവഹണത്തിലും മോണിറ്ററിംഗിലും ജനപ്രതിനിധികളും ജീവനക്കാരും വർക്കിംഗ് ഗ്രൂപ്പുകളും ഗ്രാമസഭകളും തുടർന്ന് ഏറ്റെടുക്കുന്നില്ല. നിർവഹണത്തിൽ വിമുഖത കാണിക്കുന്നതിന്റെ കാരണം കണ്ടെത്തി പരിഹരിക്കാനോ നിർവഹണ പ്രശ്നങ്ങൾ പരിഹരിക്കാനോ വേണ്ടത്ര ഇടപെടലുകൾ ആരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവഴിക്കുന്നതുപോലെ നിരുത്തരവാദപരമായ പ്രവൃത്തിയാണ് അങ്ങേയറ്റം ദരിദ്രമായ കുടുംബങ്ങളെയും വ്യക്തികളെയും പ്രദേശങ്ങളെയും മുന്നിൽ കണ്ട് തയ്യാറാക്കിയ പ്രോജക്ടുകൾ നടപ്പാക്കാതിരിക്കുന്നത്. വിവരാവകാശനിയമവും

മറ്റും നിലവിൽ വന്നെങ്കിലും നിയമപരിജ്ഞാനക്കുറവും വേണ്ടത്ര പരിശീലനത്തിന്റെ അഭാവ ത്തിൽ ഗ്രാമസഭകളിലൂടെ ശക്തമായി ഇടപെടാനുള്ള ശേഷിയില്ലായ്മയും കാരണം പൗരസമൂ ഹത്തിന്റെ ജാഗ്രത വേണ്ടത്ര ശക്തിപ്രാപിച്ചിട്ടില്ല. ജനപ്രതിനിധികൾക്കും ജീവനക്കാർക്കുമെ ന്നതുപോലെ പൗരസമൂഹത്തിനും ഇക്കാര്യത്തിൽ വലിയ ഉത്തരവാദിത്തമുണ്ട്. പ്രോജക്ടു കൾ നടപ്പാക്കാൻ മുൻകൈയെടുക്കാത്ത നിർവഹണോദ്യോഗസ്ഥരിൽ നിന്ന് വിശദീകരണം തേടാനോ അവർക്കെതിരെ ഉചിതമായ അച്ചടക്കനടപടിയെടുക്കാനോ ഭരണസമിതി തയ്യാറാ കാത്തത് പണമുണ്ടായിട്ടും വികസനപ്രവർത്തനങ്ങൾ നടക്കാതിരിക്കാനും ജനസമൂഹത്തിന് വികസനപ്രവർത്തനത്തിലുള്ള വിശ്വാസ്യത കുറയാനുമിടയാക്കുന്നു. വിവിധ നിർവഹണോ ദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ 11506389 രൂപ (22 പ്രോജക്ടുകൾ) അടങ്കൽ വകയിരുത്തിയ പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതിന്റെ സാഹചര്യം ഗ്രാമസഭകളിൽ ജനങ്ങളെ ബോധ്യപ്പെ ടുത്തിയും ഭരണസമിതിയിൽ ചർച്ച ചെയ്തും മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 3.20 ബിൽ സമ്പ്രദായം

പഞ്ചായത്തിന്റെ ധനവിനിയോഗം സംബന്ധിച്ച ബിൽ സമ്പ്രദായം നടപ്പാക്കിയ സർക്കാർ ഉത്തരവിലെ (ജി.ഒ.(പി)177/06/ഫിൻ/12.4.06) പാലിക്കാതിരുന്നതിനെ സംബന്ധിച്ച നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. വികസനഫണ്ടിന്റെയും മെയിന്റനൻസ് ഫണ്ടിന്റെയും വിനിയോഗം സംബന്ധിച്ച് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കി യത്. ഓരോ നിർവഹണോദ്യോഗസ്ഥനും നൽകിയതും വിനിയോഗിച്ചതുമായ ഫണ്ടിനെ സംബന്ധിച്ച രജിസ്റ്റർ, നിർവഹണോദ്യോഗസ്ഥരുടെ സബ്സിഡി രജി സ്റ്റർ, പ്രോജക്ട് രജിസ്റ്റർ, നോൺ ബാങ്കിങ് ട്രഷറിയിൽനിന്ന് ലഭിച്ച ഫണ്ടുകളെ സംബന്ധിച്ച രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2. റിക്വിസിഷൻ, ഓതറൈസേഷൻ, അലോട്ട്മെന്റ് ലെറ്റർ, പ്രൊസീഡിങ്സ്, ചെലവ് പത്രികകൾ എന്നിവ ശരിയായി തയ്യാറാക്കി ക്രമത്തിൽ സൂക്ഷിച്ചിട്ടില്ല. ഓരോ മാസവും അഞ്ചാം തീയതിക്കകം എ, സി ഫണ്ടുകളുടെ പ്രതിമാസവിനിയോഗപ ത്രികകൾ ബന്ധപ്പെട്ട നിർവഹണോദ്യോഗസ്ഥരിൽനിന്ന് വാങ്ങി ഓരോ നിർവഹ ണോദ്യോഗസ്ഥർക്കും നൽകിയതും വിനിയോഗിച്ചതുമായ ഫണ്ടിന്റെ വിവരം കാണിക്കുന്ന രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്ന നിബന്ധന പാലിച്ചിട്ടില്ല. വിനി യോഗപത്രികയിൽ വൗച്ചർ നമ്പരിട്ട് സെക്രട്ടറി കാഷ്ബുക്കിന്റെ ചെലവുഭാഗത്ത് ചേർക്കണമെന്ന നിബന്ധനയും പാലിച്ചിട്ടില്ല. (ഖണ്ഡിക 16 കാണുക.)

3. നിശ്ചിത പ്രൊഫോമയിലുള്ള (ടി.ആർ.7എ) കാഷ്ബുക്ക് നിർവഹണോദ്യോഗസ്ഥർ സൂക്ഷിച്ചിട്ടില്ല.

4. ഓരോ ട്രഷറി ഓഫീസറും ഓരോ മാസവും അഞ്ചാം തീയതിക്കകം അക്കൗണ്ടുക ളുടെ മുൻമാസവിനിയോഗത്തിന്റെ കംപ്യൂട്ടർ പത്രിക ഒപ്പിട്ട് സെക്രട്ടറിക്ക് നൽകേ ണ്ടതാണ്. പത്താം തീയതിക്കകം സെക്രട്ടറി പരിശോധിച്ച് വ്യത്യാസമുണ്ടെങ്കിൽ പൊരുത്തപ്പെടുത്തി ട്രഷറി ഓഫീസർക്ക് തിരിച്ചു നൽകണം. പൊരുത്തപ്പെടുത്തു ന്നതുവരെ ഒരു പിൻവലിക്കലും ട്രഷറി അനുവദിക്കരുത്. ഈ നിബന്ധനകൾ കൃത്യമായി പാലിക്കുന്നില്ല. (ഖണ്ഡിക 24.2, 24.3 എന്നിവ കാണുക.)

5. നോൺബാങ്കിങ് ട്രഷറിയിൽനിന്ന് പിൻവലിക്കുന്ന തുകകൾ നിർവഹണോദ്യോഗ സ്ഥന്റെ / സെക്രട്ടറിയുടെ പേരിൽ ദേശസാത്കൃതബാങ്കിൽ ആരംഭിച്ച അക്കൗ

Local Fund Audit Department

ണ്ടിൽ അന്നുതന്നെ നിക്ഷേപിക്കേണ്ടതും നിക്ഷേപിച്ച് 30 ദിവസം കഴിഞ്ഞ തുക ചെലാൻ മുഖേന ട്രഷറിയിൽ തിരിച്ചടയ്ക്കേണ്ടതുമാണ്. നോൺബാങ്കിങ് ട്രഷറിയിൽനിന്ന് ലഭിച്ച ഫണ്ടുകൾ സംബന്ധിച്ച രജിസ്റ്ററിന്റെ അഭാവത്തിൽ 30 ദിവസം കഴിഞ്ഞ തുക ബാങ്കിൽ അവശേഷിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

6. ഒരു സാമ്പത്തികവർഷം പിൻവലിച്ച തുക അടുത്ത സാമ്പത്തികവർഷം തിരിച്ചടയ്ക്കുമ്പോൾ കൺസോളിഡേറ്റഡ് ഫണ്ടിൽ അടയ്ക്കണമെന്ന നിബന്ധന (ഖണ്ഡിക 10.3 കാണുക.) ലംഘിക്കുന്നതായി കാണുന്നു. (ഈ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.14 കാണുക.)
7. ബ്ലോക്ക് പഞ്ചായത്തിലെ നിർവഹണോദ്യോഗസ്ഥരായി സർക്കാർ നിശ്ചയിച്ച എല്ലാ ഉദ്യോഗസ്ഥരുടെയും സേവനം പദ്ധതി നിർവഹണത്തിനായി ഉപയോഗപ്പെടുത്തുന്നില്ല.

| | ബ്ലോക്ക് പഞ്ചായത്തിലെ നിർവഹണോദ്യോഗസ്ഥൻ | 2010-11 വർഷത്തെ പദ്ധതി നിർവഹണത്തിൽ ബ്ലോക്ക് പഞ്ചായത്ത് സേവനം ഉൾപ്പെടുത്തിയ നിർവഹണോദ്യോഗസ്ഥർ |
|---|---|---|
| 1 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | |
| 2 | അസിസ്റ്റന്റ് ഡയറക്ടർ / സീനിയർ വെറ്ററിനറി സർജൻ | |
| 3 | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | |
| 4 | ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ | |
| 5 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | |
| 6 | ജനറൽ എക്സ്റ്റെൻഷൻ ഓഫീസർ | ✓ |
| 7 | ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ / ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ | |
| 8 | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി/ ഗവ. ആശുപത്രി/ താലൂക്ക് ആശുപത്രി) | |
| 9 | മെഡിക്കൽ ഓഫീസർ - ആയുർവേദം (ഡിസ്പെൻസറി / ആശുപത്രി / താലൂക്ക് ആശുപത്രി) | |
| 10 | മെഡിക്കൽ ഓഫീസർ - ഹോമിയോ (ഡിസ്പെൻസറി / ആശുപത്രി / താലൂക്ക് ആശുപത്രി) | |
| 11 | പട്ടികജാതി വികസന ഓഫീസർ | ✓ |
| 12 | ശിശുവികസനപദ്ധതി ഓഫീസർ | ✓ |
| 13 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ | ✓ |

Local Fund Audit Department

### 3.21 ജനറൽ പർപ്പസ് ഗ്രാന്റിൽനിന്നുള്ള ചെലവുകൾ

### 3.21 എ) ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടാത്ത സ്ഥാപനത്തിനുവേണ്ടിയുള്ള ചെലവ് നിയമവിരുദ്ധം

ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടാത്ത സ്ഥാപനമായ തലയോലപ്പറമ്പ് പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് ജനറൽ പർപ്പസ് ഗ്രാന്റിൽനിന്ന് വിവിധ ചെലവുകൾക്കായി തുക നൽകിയത് ക്രമവിരുദ്ധമാണ്. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ അതതുഗ്രാമപഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളാണ്. (ജി.ഒ.(പി) 189/95/തസ്വഭവ/18.9.95 പ്രകാരം) ഈ സ്ഥാപനങ്ങളുടെ ചെലവ് ബ്ലോക്ക് പഞ്ചായത്ത് വഹിക്കുന്നത് നിയമവിരുദ്ധമാണ്.

ഈയിനത്തിലെ 132285 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഈ ചെലവിന് സർക്കാരിൽനിന്ന് സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

| | ബിൽ നമ്പർ | ചെക്ക് നമ്പർ / തീയതി | തുക |
|---|---|---|---|
| 1 | 10/10-11 | 768873/2.6.10 | 11128 |
| 2 | 19/10-11 | 768882/28.6.10 | 15756 |
| 3 | 28/10-11 | 768891/29.7.10 | 10233 |
| 4 | 70/10-11 | 809333/10.2.10 | 33127 |
| 5 | 80/10-11 | 809343/15.12.10 | 5000 |
| 6 | 89/10-11 | 809352/4.2.11 | 34040 |
| 7 | 94/10-11 | 809357/19.2.11 | 10300 |
| 8 | 99/10-11 | 809363/28.2.11 | 10731 |
| 9 | 107/10-11 | 309371/17.3.11 | 1970 |
| | ആകെ | | 132285 |

### 3.21 എ) പത്രപ്പരസ്യങ്ങൾ വിൻഡോ മാതൃകയിലല്ലാത്തതിനാൽ അധികച്ചെലവ്

ബ്ലോക്ക് പഞ്ചായത്തിലെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി ഏതാനും പത്രങ്ങളിൽ പരസ്യം നൽകിയിട്ടുണ്ട്. എന്നാൽ ഈ പരസ്യങ്ങൾ നൽകിയത് സർക്കാർ നിർദേശങ്ങൾക്കു വിരുദ്ധമായാണ്. പൊതുഭരണ (ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് (ഡി) വകുപ്പ് ജി.ഒ.(പി) 01/04/ഐ.& പി.ആർ/1.1.04) പ്രകാരം ദർഘാസ് പരസ്യങ്ങൾ പൂർണരൂപത്തിൽ പ്രസിദ്ധീകരിക്കേണ്ടതില്ല. ദർഘാസ് പരസ്യങ്ങളിലെ അടിസ്ഥാനവിവരങ്ങൾ മാത്രം ഉൾക്കൊള്ളുന്ന വിൻഡോ പരസ്യങ്ങളാണ് പത്രത്തിൽ പ്രസിദ്ധീകരിക്കേണ്ടത്. അവയുടെ പൂർണരൂപം സർക്കാർ വെബ്സൈറ്റിൽ ലഭ്യമാക്കേണ്ടതാണ്. പബ്ലിക് റിലേഷൻസ് വകുപ്പ് വഴിയല്ലാതെ ദർഘാസ് പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് രണ്ട് കോളം മൂന്ന് സെന്റീമീറ്റർ വലിപ്പമുള്ള വിൻഡോ മോഡൽ പരസ്യം തയ്യാറാക്കി പത്രങ്ങൾക്ക് നൽകേണ്ടതും പൂർണരൂപത്തിലുള്ള പരസ്യം അതാത് ഓഫീസുകളിൽ ലഭ്യമാക്കേണ്ടതുമാണ്.

മേൽ നിർദേശങ്ങൾക്കു വിരുദ്ധമായി ബ്ലോക്ക് പഞ്ചായത്ത് പരസ്യങ്ങൾ നൽകിയതുവഴി ബ്ലോക്ക് പഞ്ചായത്തിന് അധികത്തുക ചെലവുവന്നതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | പരസ്യത്തിന്റെ വിവരം | വലിപ്പം | തുക | അനുവദനീയമായ വലിപ്പം | തുക | അധികം ചെലവഴിച്ചത് |
|---|---|---|---|---|---|---|
| 1 | 1.7.10 ൽ ദേശാഭിമാനിയിൽ വിവിധ പദ്ധതികൾക്കായുള്ള | 19X12.10 (@ 60) | 13794 | 3X2സെ.മീ @ 68 രൂപ | 408 | 13386 |
| 2 | 19.2.11 ൽ ദീപികയിൽ വിവിധ പദ്ധതികൾക്കായുള്ള ദർഘാസ് പരസ്യം | 10X12.20 (@ 68) | 8296 | 3X2സെ.മീ @ 68 രൂപ | 408 | 7888 |
| 3 | 25.1.11 ൽ ദീപികയിൽ വിവിധ പദ്ധതികൾക്കായുള്ള ദർഘാസ് പരസ്യം | 22X12.20 (@ 68) | 18251 | 3X2സെ.മീ @ 68 രൂപ | 408 | 17843 |
| 4 | 22.1.11 ൽ മംഗളത്തിൽ വിവിധ പദ്ധതികൾക്കായുള്ള ദർഘാസ് പരസ്യം | 14X12.20 (@ 80) | 13664 | 3X2സെ.മീ @ 68 രൂപ | 408 | 13256 |
| 5 | 22.1.11 ൽ മംഗളത്തിൽ വനിതാ കാന്റീൻ പരസ്യം | 8X5 (@ 80) | 3200 | 3X2സെ.മീ @ 68 രൂപ | 408 | 2792 |
| | ആകെ | | | | | 55165 |

55165 രൂപയുടെ അധികച്ചെലവ് നിരാകരിക്കുന്നു.

Local Fund Audit Department

### 3.21 സി) മന്തുരോഗനിവാരണത്തിന് അധികച്ചെലവ്

തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പിന്റെ 12.11.10 ലെ സർക്കുലർ നമ്പർ 3557/2010 പ്രകാരം മന്തുരോഗനിവാരണപരിപാടിക്കായി ഒരു ബ്ലോക്ക് പഞ്ചായത്തിന് ജനറൽ പർപ്പസ് ഗ്രാന്റിൽനിന്ന് ചെലവഴിക്കാവുന്ന തുകയുടെ പരിധി 15000 രൂപയാണ്. കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന തലയോലപ്പറമ്പ് പ്രാഥമിക ആരോഗ്യകേന്ദ്രത്തിനും അറുനൂറ്റിമംഗലം സാമൂഹിക ആരോഗ്യകേന്ദ്രത്തിനുംകൂടി ഇതേ ആവശ്യത്തിന് 20000 രൂപ താഴെപ്പറയും പ്രകാരം ജനറൽ പർപ്പസ് ഗ്രാന്റിൽനിന്ന് നൽകി.

| | ബിൽ നമ്പർ / തീയതി | ചെക്ക് നമ്പർ/ തീയതി | തുക | സ്ഥാപനം |
|---|---|---|---|---|
| 1 | സി.ബി. നമ്പർ 70/10-11/2.12.10 | 809333/2.12.10 | 15000 | തലയോലപ്പറമ്പ് പ്രാഥമിക ആരോഗ്യകേന്ദ്രം |
| 2 | സി.ബി. നമ്പർ 80/10-11/15.12.10 | 809343/15.12.10 | 5000 | അറുനൂറ്റിമംഗലം സി.എച്ച്.സി. |
| | ആകെ | | 20000 | |

പരിധി കവിഞ്ഞുള്ള 5000 രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക സെക്രട്ടറി യിൽനിന്ന് തിരികെ ഈടാക്കേണ്ടതാണ്.

### 3.21 ഡി) വൗച്ചറുകൾ ശരിയായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

ജനറൽ പർപ്പസ് ഫണ്ടിൽനിന്ന് ചെയ്യുന്ന ചെലവുകൾക്ക് അനുബന്ധമായി സൂക്ഷിച്ചി രുന്ന വൗച്ചറുകൾ എഴുതുന്ന രീതി ക്രമപ്രകാരമല്ല. വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡന്റ് എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ ഇല്ല. ഓരോ ചെലവിനത്തിനും അനുബന്ധിച്ചുള്ള ശീർഷകങ്ങൾ വൗച്ചറിൽ രേഖപ്പെടുത്തുന്നില്ല.

ജി.ഒ.(പി) 319/03/ഫിൻ/12.6.03 പ്രകാരം ഓരോ ചെലവിനും ഒരു ബിൽ ഉണ്ടായിരിക്ക ണം. ബിൽ തുക ചെലവുചെയ്തുകഴിഞ്ഞാൽ ബിൽ വൗച്ചറായി മാറുന്നു. കാഷ്ബുക്കിൽ ചെലവ് എഴുതുമ്പോഴാണ് വൗച്ചർ നമ്പർ ലഭിക്കുന്നത്. അതിനാൽ ബില്ലിന്മേൽ ആദ്യം ബിൽ നമ്പരും തുടർന്ന് കാഷ്ബുക്കിൽ രേഖപ്പെടുത്തിക്കഴിഞ്ഞാൽ വൗച്ചർ നമ്പരും ഇടണം. വൗ ച്ചർ നമ്പർ ഒരു മാസത്തേയ്ക്ക് പ്രത്യേകമായാണ് നൽകേണ്ടത്. (ഉദാ: 1-4/10, 1-5/10) എന്നാൽ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിൽ വൗച്ചറുകൾക്ക് നമ്പർ ഇടുന്നില്ല. ബിൽ നമ്പർ മാത്രമേ രേഖപ്പെടുത്തുന്നുള്ളു. മേൽപ്പറഞ്ഞ തെറ്റുകൾ തിരുത്തി ശരിയാക്കിയ രേഖ കൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

### 3.21 ഇ) ഓണറേറിയം / ഹാജർ ബത്ത/ യാത്രാബത്ത : അക്വിറ്റൻസ് ശരിയായി സൂക്ഷിച്ചിട്ടില്ല

മെമ്പർമാരുടെയും പ്രസിഡന്റിന്റെയും ഓണറേറിയം, സിറ്റിങ് ഫീസ്, യാത്രാക്കൂലി എന്നിവ സംബന്ധിച്ച അക്വിറ്റൻസ് തീർത്തും അലക്ഷ്യമായാണ് സൂക്ഷിക്കുന്നത്. തീയതി സഹിതം ഒപ്പിടുന്നില്ല. 5000 രൂപയിൽ കൂടുതലുള്ള തുകയ്ക്ക് സ്റ്റാമ്പില്ലാതെയാണ് ഒപ്പിട്ടിരി ക്കുന്നത്. ഓരോ ചെലവിന്റെയും വിവരം അക്വിറ്റൻസിൽ ചേർത്തിട്ടില്ല. ഏതു മാസത്തേയാ ണെന്നുപോലും അക്വിറ്റൻസിൽ രേഖപ്പെടുത്തിയിട്ടില്ല. ഓരോ ചെലവിന്റെയും അക്വിറ്റൻസ് ബന്ധപ്പെട്ട അധികാരികൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല. അക്വിറ്റൻസ് വേണ്ടവിധം ക്ലോസ് ചെയ്തിട്ടില്ല. മേൽ അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 3.21 എഫ്) ഗവ. ക്വാർട്ടേഴ്സിന്റെ വൈദ്യുതിച്ചെലവ് ജനറൽ പർപ്പസ് ഗ്രാന്റിൽനിന്ന്

ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനമായ സി.എച്ച്.സി. അറുനൂറ്റിമംഗല ത്തിന്റെ കീഴിലുള്ള രണ്ട് ഗവ. ക്വാർട്ടേഴ്സിന്റെ വൈദ്യുതി ബില്ലിന്മേലുള്ള തുക ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഗ്രാന്റിൽനിന്ന് ഉപയോഗിച്ചു. ഇത് ക്രമപ്രകാരമല്ല. ടി തുക

Local Fund Audit Department

ക്വാർട്ടേഴ്സിൽ താമസിക്കുന്ന ഉദ്യോഗസ്ഥരാണ് നൽകേണ്ടത്. ഇത്തരത്തിലുള്ള ചെലവുകൾ ഒഴിവാക്കാൻ ശ്രദ്ധ പലുർത്തേണ്ടതാണ്.

## 3.22 ഇന്ദിരാ ആവാസ് യോജന : വീട് പണി പൂർത്തീകരിച്ചില്ല

ഐ.എ.വൈ. പദ്ധതി പ്രകാരം പൊതുവിഭാഗത്തിലും പട്ടികജാതിയിലുംപെട്ട ഗുണഭോക്താക്കൾക്ക് ഭവനനിർമാണത്തിനും ഭവനപുനരുദ്ധാരണത്തിനുമായി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയെങ്കിലും മിക്ക ഗുണഭോക്താക്കളും വീടുപണി പൂർത്തീകരിച്ചിട്ടില്ല. ഇപ്രകാരം 2008-09 ലും 2009-10 ലും ധനസഹായം ഭാഗികമായി കൈപ്പറ്റിയിട്ട് നാളിതുവരെ പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| | **ഭവനനിർമാണം 2008-09** | | |
| | **പട്ടികജാതിവിഭാഗം** | | |
| | ഗുണഭോക്താവ് | വിലാസം | നാളിതുവരെ നൽകിയ തുക |
| 1 | മാധവിവാവ | പേങ്ങാട്ടേൽ, വെള്ളൂർ | 40000 |
| 2 | സന്ധ്യ സനൽകുമാർ | പീടികപ്പറമ്പിൽ, കല്ലറ | 20000 |
| 3 | കെ.പി.യമുന | അക്ഷിതഭവൻ, കടുത്തുരുത്തി | 42500 |
| 4 | ചന്ദ്രബിന്ദു | കോരിക്കൽ നാലുസെന്റ് കോളനി, തലയോലപ്പറമ്പ് | 35000 |
| 5 | ജാനകിക്കുട്ടി | കോരിക്കൽ , തലയോലപ്പറമ്പ് | 5000 |
| 6 | കോമള സുകുമാരൻ | മുപ്പതിൽ, തലയോലപ്പറമ്പ് | 10000 |
| 7 | മഹിളാമണി | മാമലശേരിൽ, കല്ലറ | 30000 |
| 8 | ലീലാമ്മ തങ്കച്ചൻ | മടത്താട്ടുകോളനി, മുളക്കുളം | 50000 |
| 9 | ബിജു ദാസപ്പൻ | പ്ലാത്തടം, വെള്ളൂർ | 10000 |
| 10 | തുഷാര | കലങ്ങോട്ടിൽ, കടുത്തുരുത്തി | 55000 |
| | **പൊതുവിഭാഗം** | | |
| 1 | ഏലിയാമ്മ | പേന്താനത്ത്, ഞീഴൂർ | 45000 |
| 2 | ഷേർളി ബാബു | പര്യാത്തുപറമ്പിൽ, ഞീഴൂർ | 45000 |
| 3 | ലീലാമ്മ ഡേവിഡ് | മിലിയത്തറയിൽ, തലയോലപ്പറമ്പ് | 25000 |
| 4 | എൽസമ്മ ഏലിയാസ് | തുണ്ടത്തുങ്കിൽ, മുളക്കുളം | 10000 |
| 5 | റീത്താമ്മ ജോസ് | പഴമ്പട്ടിയിൽ, തലയോലപ്പറമ്പ് | 41500 |
| 6 | മറിയാമ്മ മാത്യു | കിഴക്കേഞാറക്കാട്ടിൽ, കല്ലറ | 30000 |
| 7 | കുമാരി കൃഷ്ണൻകുട്ടി | ചെത്തുകുന്നേൽ, മുളക്കുളം | 42500 |
| 8 | ആലീസ് മത്തായി | കരിപ്പള്ളിൽ, വെള്ളൂർ | 25000 |
| 9 | ഓമന രാജു | ഓമനവിലാസം, തലയോലപ്പറമ്പ് | 10000 |
| 10 | ചിന്നമ്മ എബ്രഹാം | കൊല്ലംകുഴിയിൽ, മുളക്കുളം | 25000 |
| 11 | ബിൻസി കുഞ്ഞുമോൻ | നടുത്തുരുത്തിൽ , തലയോലപ്പറമ്പ് | 10000 |
| | **2009-10** | | |
| | **പട്ടികജാതിവിഭാഗം** | | |
| 1 | രേണുക ദിനേശൻ | ഉമ്മാംകുന്നിൽ | 45000 |
| 2 | സരസമ്മ പൊന്ന | പഴമ്പട്ടിനികർത്തിൽ | 45000 |

Local Fund Audit Department

| | | | |
|---|---|---|---|
| | പ്പൻ | | |
| 3 | ഷൈല രമേശൻ | അറുപതിൽ | 15000 |
| 4 | ദേവകി | പഴമ്പട്ടി നികർത്തിൽ | 15000 |
| 5 | ചെല്ലമ്മ | അറുപതിൽ , വടയാർ | 15000 |
| 6 | ഷീജ | കാടാശേരിൽ | 15000 |
| 7 | ബിന്ദു സജീവ് | വാലയിൽ, കല്ലറ | 15000 |
| 8 | കറുമ്പി | മനയ്ക്കച്ചിറയിൽ, തലയോലപ്പറമ്പ് | 15000 |
| 9 | പ്രിയ കുട്ടൻ | മനയ്ക്കച്ചിറ, തലയോലപ്പറമ്പ് | 15000 |
| 10 | ശാലിനി രാജപ്പൻ | താമരശേരിൽ | 76500 |
| 11 | കൗസല്യ | മങ്കോണിത്തറ | 55000 |
| 12 | പെണ്ണമ്മ രാഘവൻ | മാനപുഞ്ചയിൽ | 15000 |
| 13 | ചിന്നമ്മ കുട്ടൻ | കാടാശേരി | 15000 |
| 14 | ഉഷ പൊന്നപ്പൻ | പാറയ്ക്കൽ | 60000 |
| 15 | സിജി ടി. രമേശൻ | മാളവിക | 50000 |
| 16 | സരസ്വതി | ജയമന്ദിരം | 20000 |
| 17 | തങ്കമ്മ ഗോപാലൻ | കോരിക്കൽ | 55000 |
| 18 | അടിമ | പടിക്കപ്പാടം | 50000 |
| 19 | ലീലാരാജ് | കുറുമാറ്റപ്പിള്ളിൽ | 20000 |
| 20 | ലീല ശ്രീധരൻ | നടത്തറയിൽ, തലയോലപ്പറമ്പ് | 20000 |
| 21 | കുഞ്ഞുമോൾ | തണ്ണിക്കുഴി, തലയോലപ്പറമ്പ് | 20000 |
| 22 | തങ്കമ്മ കറുമ്പൻ | പഴംചെട്ടി ലക്ഷം വീട് | 20000 |
| 23 | എ.കെ.ഉഷ | ഉഷസ്, കടുത്തുരുത്തി | 50000 |
| 24 | ഗിരിജ തങ്കച്ചൻ | പുത്തൻപുരയിൽ കല്ലറ | 20000 |
| 25 | ശോഭ അജിമോൻ | പെരുവുകാലാ, കടുത്തുരുത്തി | 50000 |
| 26 | തങ്കമ്മ വാസു | നികർത്തിൽ, കടുത്തുരുത്തി | 81500 |
| 27 | ലീല രാധാകൃഷ്ണൻ | കുന്നുംപുറത്ത്, കടുത്തുരുത്തി | 20000 |
| | **പൊതുവിഭാഗം** | | |
| 1 | ഏലിയാമ്മ ജോർജ് | നെട്ടോടിയിൽ, കടുത്തുരുത്തി | 10000 |
| 2 | ത്രേസ്യാ ലാസർ | ജോസ് നിവാസ്, കടുത്തുരുത്തി | 35000 |
| 3 | ഏലിയാമ്മ ഡാനിയേൽ | പൂവത്തുംചുവട്ടിൽ, വെച്ചൂർ | 35000 |
| 4 | ശ്യാമള രവി | പ്രാലയിൽ, കല്ലറ | 45000 |
| 5 | ത്രേസ്യാമ്മ | പുതിയപറമ്പിൽ, കടുത്തുരുത്തി | 50000 |
| 6 | അന്നമ്മ ചാക്കോ | പുൽപ്രായിൽ, ഞീഴൂർ | 50000 |
| 7 | ഏലിയാമ്മ കുട്ടപ്പൻ | കിഴക്കേക്കുന്നേൽ, ഞീഴൂർ | 50000 |
| 8 | സാറാമ്മ ബേബി | മാവളത്തുകുഴിയിൽ, മുളക്കുളം | 50000 |
| 9 | സുഭദ്ര അരവിന്ദാക്ഷൻ | ചെമ്പിലായിൽ, തലയോലപ്പറമ്പ് | 20000 |
| 10 | തങ്കമ്മ പത്രോസ് | നസ്യാത്ത്, വെള്ളൂർ | 40000 |
| 11 | ആയിഷ സഹദേവൻ | കോഴിപ്പറമ്പ്, കല്ലറ | 45000 |

Local Fund Audit Department

| | | | |
|---|---|---|---|
| 12 | സുനിമോൾ മനോഹരൻ | മണ്ണഞ്ചേരിയിൽ തലയോലപ്പറമ്പ് | 66500 |

## 3.23 എം.പി. ഫണ്ട് വിനിയോഗിക്കുന്ന പ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടില്ല

കോട്ടയം എം.പി. ശ്രീ. ജോസ് കെ. മാണിയുടെ പ്രാദേശികവികസനഫണ്ട് ഉപയോഗിച്ച് കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ 2009-10, 2010-11 വർഷങ്ങളിൽ ഏറ്റെടുത്ത താഴെപ്പറയുന്ന പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിന് അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്.

| | പ്രോജക്ടിന്റെ പേര് | ഗ്രാമപഞ്ചായത്ത് | അനുവദിച്ച തുക |
|---|---|---|---|
| 1 | കാഞ്ഞിരത്താനം കുടിവെള്ളപദ്ധതി | മാഞ്ഞൂർ | 400000 |
| 2 | ചെറുവേലി- മുക്കാടിക്കാട് കുടിവെള്ളപദ്ധതി | കടുത്തുരുത്തി | 300000 |
| 3 | മുട്ടുചിറ - പരമ്പ്രം കുടിവെള്ളപദ്ധതി | കടുത്തുരുത്തി | 300000 |
| 4 | ചാത്തൻകുന്ന് കുടിവെള്ളപദ്ധതി- മോട്ടോർ വാങ്ങൽ, പൈപ്പ്ലൈൻ സ്ഥാപിക്കൽ | കടുത്തുരുത്തി | 500000 |
| 5 | ചേത്തുകുന്ന് വാറംഗനാൽ റോഡ് കോൺക്രീറ്റിങ് | മുളക്കുളം | 500000 |

## 3.24 എം.എൽ.എ. ഫണ്ട് വിനിയോഗിക്കുന്ന പ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടില്ല

കടുത്തുരുത്തി എം.എൽ.എ.യായ ശ്രീ. മോൻസ് ജോസഫിന്റെ പ്രാദേശികവികസന ഫണ്ട് ഉപയോഗിച്ചുള്ള താഴെപ്പറയുന്ന പ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടില്ല.

| | പ്രോജക്ടിന്റെ പേര് | ഗ്രാമപഞ്ചായത്ത് | അനുവദിച്ച തുക |
|---|---|---|---|
| 1 | ആപ്പാഞ്ചിറ ജംഗ്ഷനിൽ വെയ്റ്റിങ് ഷെഡ് നിർമാണം | മുളക്കുളം | 100000 |
| 2 | മുന്തൻചാണി കുടിവെള്ളപദ്ധതി. കുളം, പമ്പ് ഹൗസ്, പൈപ്പ് ലൈൻ | ഞീഴൂർ | 200000 |
| 3 | മുണ്ടാർ വികസനബ്ലോക്ക്- തട്ടാംപറമ്പ് വെസ്റ്റ് ഫുട്ബ്രിഡ്ജ് നിർമാണം | കല്ലറ | 150000 |
| 4 | മാങ്ങാട് ക്ഷേത്രം - കടുത്തുരുത്തി പിറവം റോഡ് വെയ്റ്റിങ് ഷെഡ് നിർമാണം. | കടുത്തുരുത്തി | 60000 |
| 5 | സെന്റ് ആന്റണീസ് യു.പി.സ്കൂൾ അറുനൂറ്റിമംഗലം ടോയ്ലറ്റ് നിർമാണം. | മുളക്കുളം | 50000 |
| 6 | സെന്റ് ജോർജ് എൽ.പി.എസ്. കടുത്തുരുത്തി കഞ്ഞിപ്പുര നിർമാണം | കടുത്തുരുത്തി | 150000 |
| 7 | ആനക്കുഴിനിരപ്പ് വാട്ടർ സപ്ലൈ സ്കീം പൈപ്പ്ലൈൻ നീട്ടൽ | കടുത്തുരുത്തി | 150000 |
| 8 | ആപ്പാഞ്ചിറ തോട്ടിൽ കുളിക്കടവ് നിർമാണം | കടുത്തുരുത്തി | 250000 |
| 9 | പൂഴിക്കോൽ ഹരിത വെജിറ്റബിൾ ക്ഷേമസംഘത്തിന് അടിസ്ഥാന സൗകരയങ്ങൾ | മുളക്കുളം | 150000 |
| 10 | ഞീഴൂർ ഗ്രാമപഞ്ചായത്ത് കമ്യൂണിറ്റി ഹാൾ അടിസ്ഥാന സൗകര്യവികസനം | ഞീഴൂർ | 300000 |

Local Fund Audit Department

| | | | |
|---|---|---|---|
| 11 | കെ.എസ്.പുരം പബ്ലിക്ക് ലൈബ്രറി ബിൽഡിങ് ഒന്നാം നില നിർമാണം. | കടുത്തുരുത്തി | 250000 |
| 12 | കടുത്തുരുത്തി ഗവ. ഹൈസ്കൂൾ റൂഫ് നിർമാണം. | കടുത്തുരുത്തി | 150000 |
| 13 | കീഴൂർ എൽ.പി.സ്കൂൾ പുഷ്പകണം റോഡ് കോൺക്രീറ്റിങ് | മുളക്കുളം | 100000 |
| 14 | മുളക്കുളം വായനശാല- പുത്തൻകടവ് റോഡ് കോൺക്രീറ്റിങ് | മുളക്കുളം | 50000 |
| 15 | വിശ്വഭാരതി സ്കൂൾ, ശ്രീകൃഷ്ണാ ടെമ്പിൾ റോഡ് പുനരുദ്ധാരണം | ഞീഴൂർ | 10000 |
| 16 | പുതുമലക്കുഴി ചേലച്ചുവട് റോഡ് | മുളക്കുളം | 50000 |
| 17 | പൂഴിക്കോൽ ലക്ഷം വീട് മടിയാറ്റുപടി റോഡ് കോൺക്രീറ്റിങ് | മുളക്കുളം | 50000 |

വൈക്കം എൽ.എൽ.എ.യായ ശ്രീ. കെ.അജിത്തിന്റെ പ്രാദേശികവികസനഫണ്ട് ഉപയോഗിച്ചുള്ള താഴെപ്പറയുന്ന പ്രോജക്ടുകൾ പൂർത്തിയാക്കിയിട്ടില്ല.

| | പ്രോജക്ടിന്റെ പേര് | ഗ്രാമപഞ്ചായത്ത് | അനുവദിച്ച തുക |
|---|---|---|---|
| 1 | അടുക്കള സ്റ്റോർ റൂം കഞ്ഞിപ്പുര നിർമാണം. വരിക്കാംകുന്ന് കെ.എച്ച്.എം.എൽ.പി.സ്കൂൾ | വെള്ളൂർ | 200000 |
| 2 | പൊതി ലിറ്റിൽഫ്ളവർ യു.പി.എസ്. പ്ലാറ്റിനം ജൂബിലി മെമ്മോറിയൽ ഓഡിറ്റോറിയം നിർമാണം. | തലയോലപ്പറമ്പ് | 500000 |
| 3 | താന്നിപ്പള്ളി പെരുന്താട്ട് റോഡ് ടാറിങ് | വെള്ളൂർ | 300000 |
| 4 | സി.എം.എസ്.എൽ.പി.സ്കൂൾ വടകര വാട്ടർ സപ്ലൈ | വെള്ളൂർ | 100000 |
| 5 | കോലത്താർ കോരിക്കൽ റോഡ് കോൺക്രീറ്റിങ് | തലയോലപ്പറമ്പ് | 200000 |
| 6 | ഇരട്ടാനിക്കാവ് മാമ്പള്ളി റോഡ് മെറ്റിലിങ് ടാറിങ് | വെള്ളൂർ | 500000 |
| 7 | മൂന്ന് മുണ്ടകപ്പാടം പമ്പ്സെറ്റ് | വെള്ളൂർ | 50000 |
| 8 | വെള്ളൂർ പോസ്റ്റ് ഓഫീസ്- ഗവ. എൽ.പി.എസ്. റോഡ് കോൺക്രീറ്റിങ് | വെള്ളൂർ | 100000 |
| 9 | എ.ജെ.ജോൺ ഇരട്ടക്കടവ് റോഡ് നിർമാണം | തലയോലപ്പറമ്പ് | 200000 |
| 10 | മിഠായിക്കുന്ന് പാടശേഖരം മോട്ടോർ ഷെഡ് നിർമാണം | തലയോലപ്പറമ്പ് | 100000 |
| 11 | വെമ്പി മഹാവിഷ്ണു ടെമ്പിൾ റോഡ് നിർമാണം | തലയോലപ്പറമ്പ് | 100000 |
| 12 | ഡി.ബി. കോളജ് ഇലയിടത്തുപടി റോഡ് മെറ്റിലിങ് | തലയോലപ്പറമ്പ് | 250000 |

# ഭാഗം 4 : ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

## 4.1) വാർഷിക കണക്കുകളുടെ അവലോകനം

30.7.2011 നകം ലഭ്യമാക്കേണ്ട 2010-11 ലെ വാർഷികധനകാര്യപത്രിക സെക്രട്ടറിയുടെ എ/926/2011/7.9.11 നമ്പർ കത്ത് പ്രകാരമാണ് ഓഡിറ്റിന് ലഭ്യമാക്കിയത്. നിയമം/ ചട്ടം പ്രകാരമുള്ള സമയപരിധികൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രാഥമികപരിശോധനയിൽ വാർഷികകണക്കുകളിൽ കണ്ട അപാകതകൾ പരിഹരിക്കണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 10.10.11 ലെ എൽ.എഫ്.കെ.പി9/1218/2011 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും അവ ഓഡിറ്റ് തീയതിവരെയും പരിഹരിച്ചിട്ടില്ല. പഞ്ചായത്ത് ഭരണ

Local Fund Audit Department

സമിതിയും ധനകാര്യസ്റ്റാൻഡിങ് കമ്മിറ്റിയും വരവുചെലവുപത്രിക അംഗീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ 1/25.10.11)സെക്രട്ടറി കൈപ്പറ്റിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അറിവില്ലായ്മ കാരണമാണ് വീഴ്ച സംഭവിച്ചതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വാക്കാൽ വിശദീകരണം നൽകി. വാർഷികകണക്കുകളുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

*1. മുന്നിരിപ്പുതുകകൾ ബന്ധപ്പെട്ട അടിസ്ഥാനരജിസ്റ്ററുകളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.*

എ) 1.4.10 ൽ വാർഷികകണക്കുപ്രകാരമുള്ള ട്രഷറി അക്കൗണ്ടുകളിലെ മുന്നിരിപ്പ് കാഷ്ബുക്കിലെ മുന്നിരിപ്പുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| അക്കൗണ്ട് | കാഷ്ബുക്ക് പ്രകാരം | വാർഷികകണക്ക് പ്രകാരം | ട്രഷറി കണക്ക് പ്രകാരം |
|---|---|---|---|
| ബി.പി.എഫ്.എ. 1 | 2166397 | 1982256 | 1982256 |
| ബി.പി.എഫ്.എ 2 & 3 | 127717589 | 6314752 | 6314752 |

ബി) ബാങ്ക് അക്കൗണ്ടുകളിലെ മുന്നിരിപ്പ് കാഷ്ബുക്കിലേതുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

| | |
|---|---|
| വാർഷികകണക്ക് പ്രകാരമുള്ള മുന്നിരിപ്പ് | 12850143 |
| 31.3.10 ൽ കാഷ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | 13493585 |
| 1.4.10 ൽ കാഷ്ബുക്ക് പ്രകാരമുള്ള മുന്നിരിപ്പ് | 9369057 |

സി) 31.3.10 ൽ കാഷ്ബുക്ക് ക്ലോസ് ചെയ്ത് ട്രഷറി / ബാങ്ക് കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

*2.വരവുകണക്കുകൾ*

എ) വാർഷികകണക്ക് പ്രകാരം ആകെ റവന്യു വരവ് 447211 രൂപയാണ്. എന്നാൽ ഫണ്ട് വിനിയോഗപത്രിക ഫോം 2 ൽ 257442 രൂപയേ വരവ് കാണിച്ചിട്ടുള്ളു.

ബി) വാർഷികകണക്കിൽ കൊയ്ത്ത്മെതിയന്ത്രം വാടകയിനത്തിലുള്ള വരവ് 189769 രൂപയെന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. ഈയിനത്തിൽ തൻവർഷം ലഭിച്ചത് 153769 രൂപ മാത്രമാണ്. പൈക്ക സ്പോർട്സ് കൗൺസിൽ (കോട്ടയം) അനുവദിച്ച 36000 രൂപ കൂടി ഉൾപ്പെടുത്തിയാണ് വാടകവരവ് 189769 രൂപയെന്ന് കാണിച്ചിട്ടുള്ളത്.

സി) ഐ.എ.വൈ ഇനത്തിലുള്ള വരവ് ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

ഡി) എസ്.ജി.എസ്.വൈ തൻവർഷത്തെ വരവുതുക വാർഷികകണക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരമുള്ളതും വ്യത്യസ്തമാണ്.

ഇ) കേരളോത്സവത്തിന്റെ വരവുതുക 10000 രൂപ കൂടി ഉൾപ്പെട്ട തുകയാണ് എസ്.ജി.എസ്.വൈ. വരവായി വാർഷികകണക്കിലും പ്രൊഫോമ - 6 ലും രേഖപ്പെടുത്തിയിട്ടുള്ളത്.

## 4.2) വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

Local Fund Audit Department

## 4.3) സ്ഥിര നിക്ഷേപങ്ങൾ (ഇൻവെസ്റ്റ്മെന്റുകൾ)

ഈയിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് വരവില്ല.

## 4.4) ഓഡിറ്റ് റിക്കവറി

ഇല്ല

## 4.5) സർക്കാരിലേക്കും മറ്റു സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനുള്ള തുകകൾ

കേന്ദ്ര സംസ്ഥാന സർക്കാരുകളിലേക്കും മറ്റ് വിവിധ സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനായി പിരിച്ചിട്ടുള്ളതും ഒടുക്കിയതും ഒടുക്കുവാൻ ബാക്കി നിൽക്കുന്നതുമായ തുകകളുടെ വിശദവിവരം കാണിക്കുന്ന രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. വാർഷിക കണക്കിലും ഇതു സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

## 4.6) ഓഡിറ്റ് ചാർജ്

| | | |
|---|---|---|
| ആകെ റവന്യു വരവുകൾ | : രൂപ | 411211 |
| ജനറൽ പർപ്പസ് ഗ്രാന്റ് | : രൂപ | 1175440 |
| ആകെ | : രൂപ | 1586651 |
| ഓഡിറ്റ് ചാർജ് കണക്കാക്കാവുന്ന വരവ് | : രൂപ | 1586651 |
| ഓഡിറ്റ് ചാർജ് ഒരു ശതമാനം നിരക്കിൽ | : രൂപ | 15866 |
| മുൻവർഷാവസാനം സർക്കാരിൽ ഒടുക്കുവാൻ ബാക്കിയുണ്ടായിരുന്ന ഓഡിറ്റ് ചാർജ് | : രൂപ | 1088233 |
| ആകെ | : രൂപ | 1104099 |
| (-) തന്നാണ്ടിൽ ഒടുക്കിയ തുക | : രൂപ | - |
| (-) തന്നാണ്ടിൽ ഗ്രാന്റിൽ/പദ്ധതി വിഹിതത്തിൽ വകയിരുത്തിയ തുക | : രൂപ | - |
| 31.3.11 ൽ സർക്കാരിൽ ഒടുക്കുവാൻ ബാക്കിയുള്ള ഓഡിറ്റ് ചാർജ് | : രൂപ | 1104099 |

ഒടുക്കുവാൻ ബാക്കിയുള്ള തുകയുടെ വർഷം തിരിച്ചുള്ള വിവരം

| വർഷം | | തുക (രൂപ) |
|---|---|---|
| 97-98 | : | 68380 |
| 98-99 | : | 108907 |
| 99-00 | : | 98474 |
| 00-01 | : | 56403 |
| 01-02 | : | 55110 |
| 02-03 | : | 42990 |
| 03-04 | : | 67395 |
| 04-05 | : | 88914 |
| 05-06 | : | 82995 |
| 06-07 | : | 121678 |
| 07-08 | : | 94832 |
| 08-09 | : | 141924 |
| 09-10 | : | 32358 |

Local Fund Audit Department

10-11 : 15866

ആകെ : 1104099

ടി തുക 0070-60-110-99-ഓഡിറ്റ് ചാർജ് എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി ഒറിജിനൽ ചെലാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതാണ്.

## 4-7) ഓഡിറ്റ് പ്രത്യവലോകനം

***എ) സംക്ഷിപ്ത വിവരം***

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 85568215 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 61161896 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 248681 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 6231942 |

***ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം***

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3.2 എ | | 33516 | ശ്രീ. എം.ടി. ആന്റണി, സെക്രട്ടറി |
| 3.2 ഡി | | 125000 | ,, |
| 3.4 | | 30000 | ശ്രീ. സി.രാജു , സെക്രട്ടറി |
| 3.21 ബി | | 55165 | ശ്രീ. എം.ടി. ആന്റണി, സെക്രട്ടറി |
| 3.21 സി | | 5000 | ശ്രീ. എം.ടി. ആന്റണി, സെക്രട്ടറി |
| ആകെ | | 248681 | |

***തടസ്സപ്പെടുത്തിയ തുകകളുടെ വിവരം***

| ഖണ്ഡിക | | തുക |
|---|---|---|
| 3.2 | : | 91379 |
| 3.3 | : | 250000 |
| 3.6 | : | 15000 |
| 3.8 | : | 747683 |
| 3.11 | : | 1088741 |
| 3.12 | : | 1690000 |
| 3.13 | : | 873921 |
| 3.15 | : | 1018133 |
| 3.16 | : | 324800 |
| 3.21എ | : | 132285 |
| ആകെ | : | **6231942** |

***സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം***

ഇല്ല

***ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ***

ഇല്ല

Local Fund Audit Department

***ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ***

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗികവിലാസം | സ്ഥിരം വിലാസം |
|---|---|---|
| എം.ടി.ആന്റണി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | സെക്രട്ടറി, കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | മണലിപ്പറമ്പിൽ, തലയോലപ്പ റമ്പ് പി.ഒ., കോട്ടയം |
| സി. രാജു, സെക്രട്ടറി | ,, | സൗപർണിക, പുറക്കാട് പി. ഒ., അമ്പലപ്പുഴ |

## 4.8) തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 96-97 | എൽ.എഫ്.കെ.പി1/901/98/22.1.99 |
| 97-98 | എൽ.എഫ്.കെ.പി1/649/04/10.6.05 |
| 98-99 | എൽ.എഫ്.കെ.പി1/955/02/26.5.03 |
| 99-00 | എൽ.എഫ്.കെ.പി1/380/01/14.5.01 |
| 00-01, 01-02 | എൽ.എഫ്.കെ.പി1/705/03/12.4.04 |
| 02-03 | എൽ.എഫ്.കെ.പി1/139/05/2.7.05 |
| 03-04 | എൽ.എഫ്.കെ.പി1/472/06/13.09.06/11.10.06 |
| 04-05 | എൽ.എഫ്.കെ.പി1/323/07/10.12.07 |
| 05-06 | എൽ.എഫ്.കെ.പി1/324/07/10.12.07 |
| 06-07 | എൽ.എഫ്.കെ.പി1/845/08/25.6.09 |
| 07-08 | എൽ.എഫ്.കെ.പി1/323/07/10.12.07 |
| 08-09 | എൽ.എഫ്.കെ.പി1/324/07/10.12.07 |
| 09-10 | എൽ.എഫ്.കെ.പി1/845/08/25.6.09 |

Local Fund Audit Department

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്**
**കോട്ടയം ജില്ല.**

# ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2010-11 വർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4.1 ൽ വിശദീകരിച്ചിട്ടുള്ള അപാകതകൾ ഒഴിച്ചാൽ എന്റെ അഭിപ്രായത്തിൽ വാർഷികധനകാര്യപത്രിക കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2010-11 ലെ വരവുചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരളപഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും 2003 ജൂൺ 12 ലെ 319/03/ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

Local Fund Audit Department

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്**
**കോട്ടയം ജില്ല.**

ജെ07122011